പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 89

# 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 19/01/2018

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 89

# 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ

48/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 89

# 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ

## വ്യത്യസ്ത നിയമങ്ങൾ പ്രകാരം ആവശ്യമായിട്ടുള്ള വിവിധ ലൈസൻസുകൾ, അനുവാദം, അംഗീകാരം, ക്ലിയറൻസുകൾ തുടങ്ങിയവ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള കേരള സർക്കാരിന്റെ ചില നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—വ്യത്യസ്ത നിയമങ്ങൾ പ്രകാരം ആവശ്യമായിട്ടുള്ള വിവിധ ലൈസൻസുകൾ, അനുവാദം, അംഗീകാരം, ക്ലിയറൻസുകൾ തുടങ്ങിയവ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള കേരള സർക്കാരിന്റെ ചില നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1994-ലെ 13-ാം ആക്റ്റിന്റെ ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13),—

(1) 232-ാം വകുപ്പിൽ,—

(എ) പ്രസ്തുത വകുപ്പിന് മുൻപായി വരുന്ന "അപായകരവും അസഹ്യത യുണ്ടാക്കുന്നതുമായ വ്യാപാരങ്ങളും ഫാക്ടറികളും" എന്ന ശീർഷകത്തിന് പകരം

"ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും" എന്ന ശീർഷകം ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിൽ "ഇതിലേക്കുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളവയും സർക്കാരിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ" എന്ന വാക്കുകൾക്ക് പകരം "ഇതിലേക്കുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) 233-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിൽ "സെക്രട്ടറിയെ" എന്ന വാക്കിനു ശേഷം "അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2എ) അപേക്ഷ, അനുബന്ധ പ്രമാണങ്ങൾ സഹിതം ലഭിച്ചാൽ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അപേക്ഷകന് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ കൈപ്പറ്റുരസീതു നൽകേണ്ടതും, അപേക്ഷയും എല്ലാ അനുബന്ധ രേഖകളും പ്രസ്തുത സ്ഥലത്തുവച്ചു തന്നെ പരിശോധിക്കേണ്ടതും ആവശ്യമായ അനുബന്ധ രേഖകൾ, ഏതെങ്കിലും അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല എന്ന് കാണുന്നപക്ഷം, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ സമർപ്പിക്കാൻ വിട്ടുപോയ രേഖകളുടെ പട്ടിക, എത്രയുംവേഗം അപേക്ഷകനെ അറിയിക്കേണ്ടതും, അപ്രകാരമുള്ള രേഖകൾ എത്രയുംവേഗം, എന്നാൽ അപേക്ഷ ലഭിച്ച് അഞ്ചു ദിവസം കഴിയുന്നതിനു മുൻപായി സമർപ്പിക്കുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതുമാണ്.";

(സി) (3)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, എത്രയും വേഗം, അനുവാദത്തിനായി അപേക്ഷിച്ചിരിക്കുന്ന ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ സ്ഥാപിക്കലോ, യന്ത്രസാമഗ്രികളുടെയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റേയോ സ്ഥാപിക്കലോ, പരിസരത്തെ ജനസാന്ദ്രതമൂലമോ ശല്യമോ മലിനീകരണമോ ഉണ്ടാക്കാനിടയുണ്ടെന്ന കാരണത്താലോ, ആക്ഷേപമുണ്ടെങ്കിൽ അന്വേഷണം നടത്തേണ്ടതും ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട്

ചെയ്യേണ്ടതും ഗ്രാമപഞ്ചായത്ത്, അപേക്ഷയും സെക്രട്ടറിയുടെയും (4)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള മറ്റു അധികാരികളുടെയും റിപ്പോർട്ടുകൾ പരിഗണിച്ചതിനുശേഷം, കഴിയുന്നതും വേഗം, എങ്ങനെയായിരുന്നാലും അപേക്ഷ കിട്ടിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റു വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതുമാണ്.";

(ഡി) (4)-ാം ഉപവകുപ്പിൽ,—

(i) "അനുവാദം നൽകുന്നതിനോ നിരസിക്കുന്നതിനോ" എന്ന വാക്കുകൾക്ക് പകരം "അനുവാദം നൽകുന്നതിന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "ഗ്രാമപഞ്ചായത്ത്" എന്ന വാക്കിനു പകരം "സെക്രട്ടറി" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (ബി) ഖണ്ഡത്തിൽ, "അപേക്ഷകൻ, ആശുപത്രിയോ ക്ലിനിക്കോ പാരാമെഡിക്കൽ സ്ഥാപനമോ ക്ലിനിക്കൽ ലബോറട്ടറിയോ മറ്റ് ആരോഗ്യരക്ഷാ സ്ഥാപനങ്ങളോ ആകുന്ന സംഗതിയിൽ" എന്ന വാക്കുകൾ, ആദ്യം ചേർക്കേണ്ടതാണ്;

(ഇ) (5)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) ഈ വകുപ്പ് പ്രകാരം, അനുവാദത്തിനു വേണ്ടിയുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ പതിനഞ്ചു ദിവസത്തിനുള്ളിൽ, സെക്രട്ടറി അതിന്മേലുള്ള ഏതെങ്കിലും ഉത്തരവ് അപേക്ഷകനെ അറിയിക്കാതിരിക്കുന്നപക്ഷം ആക്റ്റിലെയും ചട്ടങ്ങളിലെയും ബൈലാകളിലെയും വ്യവസ്ഥകൾക്കും ചുമത്താവുന്ന മറ്റ് എല്ലാ നിബന്ധനകൾക്കും വിധേയമായി, അപേക്ഷയിൽ ആവശ്യപ്പെട്ട കാലയളവിലേക്ക് അനുമതി നൽകിയതായി കരുതപ്പെടുന്നതും, അതിനുശേഷം ഏതെങ്കിലും വ്യവസ്ഥ ലംഘിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ അപേക്ഷകന്, ലൈസൻസ് റദ്ദാക്കുന്നതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനു ശേഷവും, പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനകം ലഭിച്ച മറുപടി, ഏതെങ്കിലും ഉണ്ടെങ്കിൽ അത്, പരിശോധിച്ചതിനുശേഷവും, ലൈസൻസ് റദ്ദാക്കുവാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതും, അപ്രകാരം ലൈസൻസ് റദ്ദാക്കുന്നതിൻമേൽ സെക്രട്ടറിക്ക് അഞ്ചുലക്ഷം രൂപയിൽ കവിയാത്ത ഒരു പിഴ അപേക്ഷകനുമേൽ ചുമത്താവുന്നതുമാണ്.";

(3) 233എ വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "ഗ്രാമപഞ്ചായത്തിന്" എന്ന വാക്കിനു പകരം "സെക്രട്ടറിക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) സെക്രട്ടറിയ്ക്ക്, ബന്ധപ്പെട്ട ഫാക്ടറിയുടെയോ, വർക്ക്ഷോപ്പിന്റെയോ ജോലി സ്ഥലത്തിന്റെയോ യന്ത്രസാമഗ്രികളുടെയോ, ഉടമസ്ഥന്റെ അല്ലെങ്കിൽ ചാർജ്ജ് വഹിക്കുന്ന ആളുടെ ചെലവിൽ ശല്യം തിട്ടപ്പെടുത്തുന്നതോ അത് ഇല്ലാതാക്കുന്നതോ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിദഗ്ദ്ധ ഉപദേശം തേടാവുന്നതും, അപ്രകാരമുള്ള റിപ്പോർട്ട്, കഴിയുന്നതും വേഗം, എന്നാൽ അപ്രകാരമുള്ള ശല്യം സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട് പതിനഞ്ച് ദിവസം കഴിയുന്നതിനു മുമ്പായി നൽകേണ്ടതുമാണ്.".

3. <u>1994-ലെ 20-ാം ആക്റ്റിന്റെ ഭേദഗതി.</u>—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20),—

(1) 447-ാം വകുപ്പിൽ,—

(എ) പ്രസ്തുത വകുപ്പിന് മുൻപുള്ള "വ്യവസായങ്ങളും ഫാക്ടറികളും മറ്റു വ്യാപാരങ്ങളും" എന്ന ശീർഷകത്തിന് പകരം "വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും" എന്ന ശീർഷകം ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ, "സെക്രട്ടറിയോട് അപേക്ഷിക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം, "സെക്രട്ടറിക്കോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷ നൽകേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (2)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2എ) അപേക്ഷ, അനുബന്ധരേഖകൾ സഹിതം ലഭിക്കുന്നതിൻമേൽ, സെക്രട്ടറിയോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അപേക്ഷകനു നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ, കൈപ്പറ്റുരസീത് നൽകേണ്ടതും അപ്രകാരം ലഭിച്ചാൽ ഉടൻ അപേക്ഷയും എല്ലാ അനുബന്ധരേഖകളും പരിശോധിക്കേണ്ടതും ആവശ്യമായ ഏതെങ്കിലും അനുബന്ധ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ലെന്നു കാണുന്നപക്ഷം, സെക്രട്ടറിയോ അദ്ദേഹം അധികാര

പ്പെടുത്തിയ ഉദ്യോഗസ്ഥനോ, സമർപ്പിക്കാൻ വിട്ടുപോയ രേഖ ഉടൻ അപേക്ഷകന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, സമർപ്പിക്കുവാൻ വിട്ടുപോയ രേഖകൾ എത്രയുംവേഗം, എന്നാൽ അപേക്ഷ ലഭിച്ച തീയതി മുതൽ അഞ്ചു ദിവസം കഴിയുന്നതിനു മുൻപായി സമർപ്പിക്കുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതുമാണ്.'';

(ഡി) (3)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(3) സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, എല്ലാ അനുബന്ധ രേഖകളും മറ്റു വകുപ്പുകളിൽ നിന്നോ അധികാരസ്ഥാനങ്ങളിൽ നിന്നോ ഉള്ള നിർണ്ണയിക്കപ്പെട്ട ക്ലിയറൻസുകൾ സഹിതം ലഭിക്കുന്ന തീയതി മുതൽ അഞ്ചു ദിവസത്തിനകം, ഉത്തരവ് വഴി, തനിക്കു യുക്തമെന്നു തോന്നുന്ന അപ്രകാരമുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി, വ്യവസായങ്ങളോ ഫാക്ടറികളോ വ്യാപാരങ്ങളോ സംരംഭക പ്രവർത്തനങ്ങളോ മറ്റു സേവനങ്ങളോ നടത്തുന്നതിനായി സ്ഥലമുപയോഗിക്കുവാൻ, ലൈസൻസ് നൽകേണ്ടതാണ്.'';

(ഇ) (3എ) ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(എഫ്) (4)-ാം ഉപവകുപ്പിൽ ''മൂന്നു വർഷം'' എന്ന വാക്കുകൾക്ക് പകരം ''അഞ്ചു വർഷം'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ജി) (5)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(5എ) ഈ വകുപ്പിൻ കീഴിൽ നൽകപ്പെട്ട ലൈസൻസിന് അഞ്ചുവർഷക്കാലത്തേക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതും ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിന്, മുപ്പത് ദിവസം മുൻപായി നിർണ്ണയിക്കപ്പെട്ട ഫീസ് നൽകുന്നതിന്മേൽ, അപേക്ഷ കൂടാതെ തന്നെ ലൈസൻസ്, കൂടുതലായി അഞ്ചു വർഷക്കാലയളവിലേക്ക് കൂടി പുതുക്കി നൽകേണ്ടതുമാണ്;

(2) 448-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "സെക്രട്ടറിക്ക്" എന്ന വാക്കിനുശേഷം ''അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.;

(ബി) (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ട താണ്, അതായത്:—

"(1എ) അപേക്ഷ അനുബന്ധ രേഖകൾ സഹിതം ലഭിക്കുന്നതിൻമേൽ, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അപേക്ഷകന് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ കൈപ്പറ്റുരസീത് നൽകേണ്ടതും, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷയും എല്ലാ അനുബന്ധരേഖകളും സ്ഥലത്തുവെച്ചുതന്നെ പരിശോധിക്കേണ്ടതും, അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഏതെങ്കിലും സമർപ്പിച്ചിട്ടില്ലാത്തപക്ഷം, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ സമർപ്പിക്കുവാൻ വിട്ടുപോയ രേഖ ഏതെങ്കിലും ഉണ്ടെങ്കിൽ, ഉടൻ, ആയത് അപേക്ഷകന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും സമർപ്പിച്ചിട്ടില്ലാത്ത രേഖകൾ എത്രയും വേഗം, എന്നാൽ അപേക്ഷ ലഭിച്ച തീയതി മുതൽ അഞ്ചു ദിവസം കഴിയുന്നതിനു മുൻപായി സമർപ്പിക്കുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതുമാണ്.";

(സി) (3)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അപേക്ഷ ലഭിച്ചതിനുശേഷം, കഴിയുന്നതും വേഗം, അനുവാദത്തിനായി അപേക്ഷിച്ചിട്ടുള്ള ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ സ്ഥാപിക്കലോ, യന്ത്രസാമഗ്രികളുടെയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റെയോ സ്ഥാപിക്കലോ, പരിസരത്തെ ജനസാന്ദ്രതമൂലം ശല്യമോ മലിനീകരണമോ ഉണ്ടാക്കാമെന്ന കാരണത്താൽ ആക്ഷേപമുണ്ടെങ്കിൽ, അത് കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതും കൗൺസിൽ അപേക്ഷയും, സെക്രട്ടറിയുടെയും (4)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള മറ്റു അധികാരികളുടെയും റിപ്പോർട്ടുകൾ പരിഗണിച്ചതിനുശേഷം, കഴിയുന്നതും വേഗം, എങ്ങനെയായിരുന്നാലും, അപേക്ഷ കിട്ടിയ തീയതി മുതൽ മുപ്പത് ദിവസത്തിനകം അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റു വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതുമാണ്.";

(ഡി) (4)-ാം ഉപവകുപ്പ്, (ബി) ഖണ്ഡത്തിൽ, "സ്ഥാപിക്കാനുദ്ദേശിക്കുന്ന" എന്ന വാക്കിന് മുൻപ് "അപേക്ഷകൻ ഒരു ആശുപത്രിയോ ക്ലിനിക്കോ പാരാമെഡിക്കൽ സ്ഥാപനമോ ക്ലിനിക്കൽ ലബോറട്ടറിയോ മറ്റ് ഏതെങ്കിലും ആരോഗ്യ പരിപാലന സ്ഥാപനമോ ആകുന്ന സംഗതിയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഇ) (5)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ട താണ്, അതായത്:—

"(5എ) ഈ വകുപ്പ് പ്രകാരം, അനുവാദത്തിനു വേണ്ടിയുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം, സെക്രട്ടറി അതിന്മേലുള്ള ഏതൊരു ഉത്തരവും അപേക്ഷകനെ അറിയിക്കാതിരിക്കുന്നപക്ഷം, ആക്റ്റിലെയും ചട്ടങ്ങളിലെയും ബൈലാകളിലെയും വ്യവസ്ഥകൾക്കും ചുമത്താവുന്ന മറ്റ് എല്ലാ നിബന്ധനകൾക്കും വിധേയമായി, അപേക്ഷയിൽ ആവശ്യപ്പെട്ട കാലയളവിലേക്ക് അനുമതി നൽകിയതായി കരുതപ്പെടുന്നതാണ്:

എന്നാൽ, പിന്നീട് ഏതെങ്കിലും ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ, സെക്രട്ടറി, കൗൺസിലിന്റെ അംഗീകാരത്തോടെ, അപേക്ഷകന്, ലൈസൻസ് റദ്ദാക്കുന്നതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഒരു കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനു ശേഷവും പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ സമർപ്പിച്ച മറുപടി, ഏതെങ്കിലും ഉണ്ടെങ്കിൽ അത്, പരിശോധിച്ചതിനുശേഷവും, ലൈസൻസ് റദ്ദാക്കാവുന്നതാണ്:

എന്നുമാത്രമല്ല, അപ്രകാരം റദ്ദാക്കുന്നതിൻമേൽ, സെക്രട്ടറിക്ക് അപേക്ഷകന് മേൽ അഞ്ചുലക്ഷത്തിൽ കവിയാത്ത ഒരു തുക പിഴയായി ചുമത്താവുന്നതാണ്.";

(3) 449-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "കൗൺസിലിന്" എന്ന വാക്കിന് പകരം, "സെക്രട്ടറിക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ട താണ്, അതായത്:—

"(2) സെക്രട്ടറിക്ക്, ശല്യം തിട്ടപ്പെടുത്തുന്നതോ അത് ഇല്ലാതാക്കുന്നതോ സംബന്ധിച്ച് ബന്ധപ്പെട്ട ഫാക്ടറിയുടെയോ, വർക്ക്ഷോപ്പിന്റെയോ ജോലി സ്ഥലത്തിന്റെയോ യന്ത്രസാമഗ്രികളുടെയോ, ഉടമസ്ഥന്റെ അല്ലെങ്കിൽ ചാർജ്ജ് വഹിക്കുന്ന ആളുടെ ചെലവിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് വിദഗ്ധ ഉപദേശം തേടാവുന്നതും, അപ്രകാരമുള്ള റിപ്പോർട്ട്, എത്രയും വേഗം, എന്നാൽ ശല്യം സംബന്ധിച്ച് റിപ്പോർട്ടു ചെയ്യപ്പെട്ട് പതിനഞ്ച് ദിവസം കഴിയുന്നതിന് മുൻപായി പ്രസ്തുത വകുപ്പ് നൽകേണ്ടതുമാണ്.";

(4) 450-ാം വകുപ്പിൽ,—

(എ) (ഐ) ഇനത്തിന് ശേഷം, താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ജെ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഗ്രീൻ ആന്റ് വൈറ്റ് കാറ്റഗറിയായി സാക്ഷ്യപ്പെടുത്തിയ വ്യവസായ യൂണിറ്റുകൾ.";

(ബി) ക്ലിപ്തനിബന്ധനയിൽ, "(എച്ച്) ഉം (ഐ) ഉം ഇനങ്ങളിൽ" എന്ന അക്ഷരങ്ങൾക്കും, ബ്രായ്ക്കറ്റുകൾക്കും വാക്കിനും പകരം "(എച്ച്), (ഐ), (ജെ) എന്നീ ഇനങ്ങളിൽ" എന്ന അക്ഷരങ്ങളും, ബ്രായ്ക്കറ്റുകളും, വാക്കുകളും ചേർക്കേണ്ടതാണ്.

4. <u>2000-ലെ 5-ാം ആക്റ്റിന്റെ ഭേദഗതി</u>—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ (2000-ലെ 5),—

(1) ദീർഘ ശീർഷകത്തിൽ "കേരള സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനും" എന്ന വാക്കുകൾക്ക് പകരം "കേരള സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും വിപുലീകരിക്കുന്നതിനും, വൈവിദ്ധ്യവത്കരിക്കുന്നതിനും, ആധുനികവത്ക്കരിക്കുന്നതിനും, ആവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും, അതിന്റെ പുതുക്കൽ ഉൾപ്പെടെ, വേഗത്തിൽ നൽകുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) പീഠികയിൽ,—

(i) "വ്യവസായങ്ങളുടെ" എന്ന വാക്കിനു പകരം "വ്യവസായങ്ങളുടെയും വ്യവസായസ്ഥാപനങ്ങളുടെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ" എന്ന് തുടങ്ങുന്നതും "സ്ഥാപിക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാലും;" എന്ന് അവസാനിക്കുന്നതുമായ ഭാഗത്തിന് പകരം, താഴെ പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"കേരള സംസ്ഥാനത്ത് വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനും ആവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനും, എല്ലാ വ്യവസായ സ്ഥാപനങ്ങളും വിപുലീകരിക്കുന്നതിനും, വൈവിദ്ധ്യവത്കരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും വേണ്ടിയുള്ള ക്ലിയറൻസുകൾ നൽകുന്നതിനും, ലൈസൻസുകൾ പുതുക്കുന്നതിനും അതിലേക്കായി ഏകജാലക ക്ലിയറൻസ് ബോർഡുകൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വ്യവസായ നഗരപ്രദേശതലത്തിലും സ്ഥാപിക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാലും;";

(3) 2-ാം വകുപ്പിൽ,—

(എ) ഖണ്ഡത്തിൽ,—

(i) "മുനിസിപ്പാലിറ്റിയോ" എന്ന വാക്കിനു ശേഷം "നിയമപരമായ നികായമോ സേവനദാതാക്കളോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "പെർമിറ്റുകളോ" എന്ന വാക്കിനു ശേഷം "അനുമതിയോ അതിന്റെ പുതുക്കലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) "വ്യവസായ സംരംഭം" എന്ന വാക്കിനു പകരം "വ്യവസായ സ്ഥാപനങ്ങൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (ബി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്: —

"(ബിഎ) "ക്ലിയറൻസുകൾ" എന്നാൽ കേരളസംസ്ഥാനത്ത്, വിവിധ കേന്ദ്ര നിയമങ്ങളോ സംസ്ഥാന നിയമങ്ങളോ അവയ്ക്ക് കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ പ്രകാരം ആവശ്യമായിട്ടുള്ളതും യൂട്ടിലിറ്റി സർവ്വീസുകൾ നൽകുന്നതിനും കാലാകാലങ്ങളിൽ അത് പുതുക്കുന്നതിനും കേരള സംസ്ഥാനത്ത് ഏതെങ്കിലും വ്യവസായ സ്ഥാപനം സ്ഥാപിക്കുന്നതിനും നടത്തുന്നതിനും ആവശ്യമായ ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ, പെർമിറ്റുകൾ അല്ലെങ്കിൽ അനുമതി എന്നിവ ഉൾപ്പെടെയുള്ള വിവിധ ക്ലിയറൻസുകൾ എന്നർത്ഥമാകുന്നു;";

(സി) (ഡി) ഖണ്ഡത്തിന് ശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഡിഎ) "വ്യവസായസ്ഥാപനം" എന്നാൽ ഉൽപാദനം, അല്ലെങ്കിൽ സംസ്കരണം അല്ലെങ്കിൽ സേവനം പ്രദാനം ചെയ്യൽ അല്ലെങ്കിൽ കച്ചവടം അല്ലെങ്കിൽ അടിസ്ഥാന മേഖലയിലുള്ള നിക്ഷേപം ഉൾപ്പെടെയുള്ള ഏതെങ്കിലും വാണിജ്യപ്രവർത്തനങ്ങൾ, എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും സ്ഥാപനമോ ഫാക്ടറിയോ വർക്ക്ഷോപ്പോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും സ്ഥാപനമോ വ്യവസായമോ പണിസ്ഥലമോ എന്നർത്ഥമാകുന്നു;";

(ഡി) (ജെ) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(4) 3-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി" എന്ന വാക്കുകൾക്ക് പകരം, "വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) സംസ്ഥാന ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഗവൺമെന്റ് ചീഫ് സെക്രട്ടറി;

(ബി) വ്യവസായം, ധനകാര്യം, തൊഴിൽ, തദ്ദേശസ്വയംഭരണം, റവന്യൂ, നികുതി, ജലവിഭവം, ഊർജ്ജം, വനം, പരിസ്ഥിതി, ടൂറിസം, ആരോഗ്യം, നിക്ഷേപം പ്രോത്സാഹിപ്പിക്കൽ, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിമാർ;

(സി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ;

(ഡി) വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ, കേരള സർക്കാർ;

(ഇ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറും;

(എഫ്) ചീഫ് ടൗൺ പ്ലാനർ;

(ജി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാൻ;

(എച്ച്) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ;

(ഐ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ;

(ജെ) മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ;

(കെ) അഗ്നിശമന രക്ഷാസേവന വകുപ്പ് ഡയറക്ടർ ജനറൽ.";

(സി) (5)-ാം ഉപവകുപ്പിൽ, "സമയങ്ങളിലും" എന്ന വാക്കിനു പകരം "മുപ്പത് ദിവസത്തിൽ കവിയാത്ത ഇടവേളകളിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(5) 4-ാം വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ഓരോ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ബന്ധപ്പെട്ട ജില്ലാ കളക്ടർ;

(ബി) ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ;

(സി) തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ആവശ്യമായി വരുന്ന സംഗതികളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് അല്ലെങ്കിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സൺ/ മുനിസിപ്പൽ കോർപ്പറേഷന്റെ മേയർ;

(ഡി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസർ അല്ലെങ്കിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ബോർഡിലെ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥൻ;

(ഇ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ ജില്ലാ ഓഫീസറോ അല്ലെങ്കിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നാമനിർദ്ദേശം ചെയ്യുന്ന മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ;

(എഫ്) നഗരഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസറോ മുഖ്യ ടൗൺ പ്ലാനർ നാമനിർദ്ദേശം ചെയ്യുന്ന മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ;

(ജി) ജില്ലാ മെഡിക്കൽ ഓഫീസർ;

(എച്ച്) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ, ജില്ലയിൽ അധികാരിതയുള്ള വൈദ്യുതി സർക്കിളിലെ, ഡെപ്യൂട്ടി ചീഫ് എൻജിനീയർ;

(ഐ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ജില്ലാ ഓഫീസർ;

(ജെ) ഡിവിഷണൽ ഓഫീസർ, അഗ്നിശമന രക്ഷാസേവന വകുപ്പ്;

(കെ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ;

(എൽ) ജില്ലാ ലേബർ ഓഫീസർ;

(എം) നഗരവികസന അതോറിറ്റിയുടെ സെക്രട്ടറി അല്ലെങ്കിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി;

(എൻ) സംസ്ഥാന നികുതി ഡെപ്യൂട്ടി കമ്മീഷണർ;

(ഒ) കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത, കേരള ജല അതോറിറ്റിയിലെ ഒരു ഉദ്യോഗസ്ഥൻ;

(പി) ടൂറിസം ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, ടൂറിസം വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(ക്യു) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി നാമനിർദ്ദേശം ചെയ്യുന്ന, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത, പൊതുമരാമത്ത് വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ;

(ആർ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജില്ലാ ഓഫീസർ.";

(ബി) (5)-ാം ഉപവകുപ്പിൽ, "അങ്ങനെയുള്ള സമയത്തും" എന്ന വാക്കുകൾക്ക് പകരം "ഇരുപത് ദിവസത്തിൽ കൂടാതെയുള്ള ഇടവേളകളിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(6) 5-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ "ചെറുകിട വ്യവസായ സംരംഭങ്ങളോ വ്യവസായ സംരംഭങ്ങളോ ആരംഭിക്കുന്നതിന്" എന്ന വാക്കുകൾക്ക് പകരം, "വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും"എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (3)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ഓരോ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) വ്യവസായ വകുപ്പിന്റെ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആളോ;

(ബി) ജില്ലാ കളക്ടർ;

(സി) വ്യവസായ പ്രദേശത്തിന്റെ ഉടമസ്ഥാവകാശമുള്ളതോ നിയന്ത്രണമുള്ളതോ ആയ ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ്;

(ഡി) ബന്ധപ്പെട്ട വ്യവസായ മേഖലയുടെ നിയുക്ത അധികാരസ്ഥാനം;

(ഇ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസർ;

(എഫ്) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ജില്ലാ ഓഫീസർ;

(ജി) നഗരഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസർ;

(എച്ച്) ജില്ലാ മെഡിക്കൽ ഓഫീസർ;

(ഐ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ ഡെപ്യൂട്ടി ചീഫ് എൻജിനീയർ;

(ജെ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ജില്ലാ ഓഫീസർ;

(കെ) അഗ്നി ശമന രക്ഷാസേവന വകുപ്പിലെ ഡിവിഷണൽ ഓഫീസർ;

(എൽ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ;

(എം) ജില്ലാ ലേബർ ഓഫീസർ;

(എൻ) സംസ്ഥാന നികുതി ഡെപ്യൂട്ടി കമ്മീഷണർ;

(ഒ) കേരള ജല അതോറിറ്റിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ;

(പി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സെക്രട്ടറി;

(ക്യൂ) ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ;

(ആർ) ബന്ധപ്പെട്ട വ്യവസായപ്രദേശത്തെ നിയുക്ത അധികാരസ്ഥാനം, സ്വകാര്യ പാർക്കിന്റെ സംഗതിയിൽ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ.'';

(സി) (4)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(4) ജില്ലാ കളക്ടർ അതിന്റെ ചെയർമാനും ബന്ധപ്പെട്ട വ്യവസായ പ്രദേശത്തിന്റെ നിയുക്ത അധികാരസ്ഥാനവും ആയിരിക്കുന്നതും, അല്ലെങ്കിൽ പ്രൈവറ്റ് പാർക്കിന്റെ സംഗതിയിൽ ബന്ധപ്പെട്ട ജില്ലയിലെ വ്യവസായ കേന്ദ്ര ജനറൽ മാനേജർ വ്യവസായ പ്രദേശ ബോർഡിന്റെ കൺവീനർ ആയിരിക്കുന്നതുമാണ്.'';

(7) 6-ാം വകുപ്പിൽ,—

(എ) "സ്ഥാപിക്കുന്നതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ ആയ എല്ലാ വ്യവസായ സംരംഭങ്ങളെയും" എന്ന വാക്കുകൾക്ക് പകരം, "സ്ഥാപിക്കുന്നതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ പ്രവർത്തിക്കുന്നതോ ആയ എല്ലാ വ്യവസായ സ്ഥാപനങ്ങളെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) "കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്" എന്ന വാക്കുകൾക്ക് ശേഷം, "കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും അതിന്റെ വിപുലീകരണവും, വൈവിദ്ധ്യവൽകരണവും, ആധുനികവൽക്കരണവും ഉൾപ്പെടെ വ്യാപാര ലൈസൻസുകൾ നൽകുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(8) 7-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) "ഒരു വ്യവസായ സംരംഭമോ ഒരു ചെറുകിട വ്യവസായ സംരംഭമോ" എന്ന വാക്കുകൾക്ക് പകരം "വ്യവസായസ്ഥാപനങ്ങൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) "സർട്ടിഫിക്കറ്റുകൾ" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ ലൈസൻസുകളുടെ പുതുക്കൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ, "അപേക്ഷിച്ചിട്ടുള്ള ലൈസൻസോ, അനുവാദമോ യാതൊരു മാറ്റവുമില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ, നൽകുന്നതിനായി ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനോ" എന്ന വാക്കുകൾക്ക് പകരം, "അപേക്ഷിച്ചിട്ടുള്ള ലൈസൻസോ, അനുവാദമോ യാതൊരു മാറ്റമില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ, നൽകുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.;

(സി) (3)-ാം ഉപവകുപ്പിൽ, "അറിയിക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം, "അറിയിക്കേണ്ടതും ബോർഡിൽ അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ അപേക്ഷകന് യാതൊരു അറിയിപ്പും ലഭിക്കാത്ത പക്ഷം, അപേക്ഷയിൽ ആവശ്യപ്പെട്ട കാലയളവിലേക്ക് ബോർഡ് അനുവാദം നൽകിയതായി കരുതപ്പെടേണ്ടതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(9) 8-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "രണ്ടു ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള ചെറുകിട വ്യവസായ സംരംഭം" എന്ന വാക്കുകൾക്ക് പകരം "പതിനഞ്ച് കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള വ്യവസായസ്ഥാപനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ,—

(i) "അറുപതു ദിവസത്തിനകവും" എന്ന വാക്കുകൾക്ക് പകരം "മുപ്പത് ദിവസത്തിനകവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (എ) ഖണ്ഡത്തിൽ, "അപേക്ഷിച്ച പ്രകാരമുള്ള അനുവാദമോ നൽകാൻ ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനോ" എന്ന വാക്കുകൾക്ക് പകരം "അപേക്ഷിച്ച പ്രകാരമുള്ള അനുവാദമോ നൽകുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (3)-ാം ഉപവകുപ്പിൽ, "അറിയിക്കേണ്ടതാണ്" എന്ന വാക്കിനു പകരം "അറിയിക്കേണ്ടതും ആയത് പാലിക്കുവാൻ ബന്ധപ്പെട്ട അധികാരസ്ഥാനം ബാധ്യസ്ഥമായിരിക്കുന്നതും ബോർഡിന് അപേക്ഷ സമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ, അതതു സംഗതിപോലെ, ക്ലിയറൻസോ, ലൈസൻസോ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകാത്ത പക്ഷം, പ്രസ്തുത മുപ്പത് ദിവസകാലയളവിന് ശേഷം അപേക്ഷിച്ചിട്ടുള്ള ക്ലിയറൻസ്, ലൈസൻസ്, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അതിന്റെ പുതുക്കൽ നൽകിയതായി കരുതപ്പെടേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) (4)-ാം ഉപവകുപ്പിനു പകരം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ, എന്തു തന്നെ അടങ്ങിയിരുന്നാലും, പതിനഞ്ചു കോടി രൂപയിൽ താഴെ മൂലധന നിക്ഷേപമുള്ള വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും അല്ലെങ്കിൽ പ്രവർത്തിപ്പിക്കുന്നതിനും വേണ്ടി ബന്ധപ്പെട്ട ജില്ലാ ബോർഡ് മുമ്പാകെ അപേക്ഷിച്ച ക്ലിയറൻസോ ലൈസൻസോ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നിരസിക്കപ്പെടുകയോ ഉപാധികളോടെ നൽകുകയോ ചെയ്താൽ സങ്കടമനുഭവിക്കുന്ന ആളിന്, അപ്രകാരം നിരസിച്ചുകൊണ്ടോ ഉപാധികളോടെ ലൈസൻസ് നൽകിക്കൊണ്ടോ ഉള്ള ഉത്തരവിനെതിരെ ജില്ലാബോർഡിൽ നിന്നും ഉത്തരവ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം നിർണ്ണയിക്കപ്പെട്ട പ്രകാരം സംസ്ഥാന ബോർഡിന് അപ്പീൽ സമർപ്പിക്കാവുന്നതും, സംസ്ഥാന ബോർഡ് അപ്പീൽ, അപ്പീൽ ലഭിച്ച തീയതി മുതൽ ഇരുപത് ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.";

(10) 9-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) "ചെറുകിട വ്യവസായ സംരംഭം അല്ലാത്ത ഏതൊരു വ്യവസായ സംരംഭവും" എന്ന വാക്കുകൾക്ക് പകരം "ആകെ നിക്ഷേപം പതിനഞ്ച് കോടി രൂപയിൽ കവിഞ്ഞ വ്യവസായ സ്ഥാപനങ്ങൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "സർട്ടിഫിക്കറ്റുകളോ" എന്ന വാക്കിനു ശേഷം "അതിന്റെ പുതുക്കലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ,—

(i) "നാൽപ്പത്തിയഞ്ചു ദിവസത്തിനകവും" എന്ന വാക്കുകൾക്ക് പകരം "മുപ്പതു ദിവസത്തിനകവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (എ) ഖണ്ഡത്തിൽ, "അപേക്ഷിച്ച പ്രകാരമുള്ള ലൈസൻസോ, അനുവാദമോ നൽകാൻ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശിപാർശ ചെയ്യുവാനോ" എന്ന വാക്കുകൾക്ക് പകരം "അപേക്ഷിച്ചിട്ടുള്ള ലൈസൻസോ, അനുവാദമോ നൽകുവാനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (3)-ാം ഉപവകുപ്പിൽ, "അറിയിക്കേണ്ടതാണ്" എന്ന വാക്കിനു പകരം, "അറിയിക്കേണ്ടതും ആയത് പാലിക്കുവാൻ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾ ബാധ്യസ്ഥമായിരിക്കുന്നതും ബോർഡിന്, അപേക്ഷ സമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ, അതതു സംഗതിപോലെ, ക്ലിയറൻസോ, ലൈസൻസോ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകാത്ത പക്ഷം, പ്രസ്തുത മുപ്പത് ദിവസക്കാലയളവിന് ശേഷം അപേക്ഷിച്ചിട്ടുള്ള ക്ലിയറൻസ്, ലൈസൻസ്, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അതിന്റെ പുതുക്കൽ നൽകിയതായി കരുതപ്പെടേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) (3)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ഏതെങ്കിലും സംരംഭകൻ, സംസ്ഥാനത്ത് ഏതെങ്കിലും സ്ഥാപനം സ്ഥാപിക്കുന്നതിലോ അല്ലെങ്കിൽ അപ്രകാരമുള്ള സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിലോ, നടപ്പിലാക്കുന്നതിലോ പ്രവർത്തിപ്പിക്കുന്നതിലോ അഭിമുഖീകരിക്കുന്ന വിവിധ തർക്കങ്ങളും പ്രശ്നങ്ങളും ആയി ബന്ധപ്പെട്ട നയപരമായ കാര്യങ്ങളിൽ സർക്കാരിന് ശിപാർശകൾ നൽകുന്നതിനും സംസ്ഥാനത്തെ നിക്ഷേപ അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്, മെച്ചപ്പെട്ട വ്യാവസായിക പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ആവശ്യമായ പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിനും സംസ്ഥാന ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്.";

(11) 10-ാം വകുപ്പിനു പകരം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"10. ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ നൽകലും അതിന്റെ പുതുക്കലും.— തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഈ ആക്റ്റിന്റെ മറ്റേതെങ്കിലും വ്യവസ്ഥകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന ബോർഡോ ജില്ലാ ബോർഡുകളോ വ്യവസായ പ്രദേശ ബോർഡുകളോ, ബന്ധപ്പെട്ട ബോർഡിൽ അപേക്ഷ ലഭിച്ച് മുപ്പത് പ്രവൃത്തി ദിവസങ്ങൾക്കകം, അതതു സംഗതിപോലെ, ക്ലിയറൻസോ, ലൈസൻസോ അല്ലെങ്കിൽ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ, അതതു സംഗതി പോലെ, അപ്രകാരമുള്ള ക്ലിയറൻസോ, ലൈസൻസോ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകാതിരിക്കുകയോ പ്രസ്തുത അപേക്ഷ നിരസിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം, പ്രസ്തുത മുപ്പത് ദിവസക്കാലയളവ് അവസാനിച്ചതിനുശേഷം, അതതു സംഗതി പോലെ, ക്ലിയറൻസോ ലൈസൻസോ സർട്ടിഫിക്കറ്റോ അതിന്റെ പുതുക്കലോ നൽകിയതായി കരുതപ്പെടേണ്ടതുമാണ്.";

(12) 11-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) "മാറ്റങ്ങളോടുകൂടി ശിപാർശ ചെയ്യപ്പെടുകയോ" എന്ന വാക്കുകൾക്ക് പകരം "അപ്രകാരമുള്ള ഉപാധികളോടെ നൽകപ്പെടുകയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "അപ്രകാരമുള്ള നിരസിക്കലോ ശിപാർശയോ" എന്ന വാക്കുകൾക്ക് പകരം "അപ്രകാരം ഉപാധികളോടെ നൽകപ്പെട്ടത്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ, "മുപ്പത് ദിവസത്തിനകം" എന്ന വാക്കുകൾക്ക് പകരം "ഇരുപത് ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) 11-ാം വകുപ്പിനു ശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"11എ. സംസ്ഥാന ബോർഡിന്റെയും, ജില്ലാ ബോർഡുകളുടെയും വ്യാവസായിക പ്രദേശ ബോർഡുകളുടെയും അധിക അധികാരം.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലോ, ഈ ആക്റ്റിന്റെ മറ്റു വ്യവസ്ഥകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അതതു സംഗതിപോലെ, സംസ്ഥാന ബോർഡിനോ ജില്ലാ ബോർഡിനോ വ്യാവസായിക പ്രദേശ ബോർഡിനോ,

ചട്ടങ്ങൾക്ക് കീഴിൽ നിർണ്ണയിക്കപ്പെട്ട സംയുക്ത അപേക്ഷ, ബന്ധപ്പെട്ട വകുപ്പിന്റെ ശിപാർശയോടുകൂടി ലഭിക്കുന്നതിൻമേൽ, സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആയി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ സംയുക്ത ലൈസൻസ്, അപേക്ഷകന് നൽകേണ്ടതും ബന്ധപ്പെട്ട ബോർഡ് നൽകിയിട്ടുള്ള അപ്രകാരമുള്ള സംയുക്ത ലൈസൻസ് ബന്ധപ്പെട്ട എല്ലാ അധികാരികൾക്കും ബാധകമായിരിക്കുന്നതും, നൽകിയ തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേക്ക് അതിന് പ്രാബല്യമുണ്ടായിരിക്കുന്നതുമാണ്:

എന്നാൽ, വാടകയ്ക്കോ പാട്ടത്തിനോ നൽകിയിട്ടുള്ള കെട്ടിടത്തിൽ ഒരു വ്യവസായ സ്ഥാപനം സ്ഥാപിക്കുന്ന പക്ഷം, സംയുക്ത ലൈസൻസിന്റെ പ്രാബല്യം, പാട്ടത്തിന്റെയോ വാടകയുടെയോ കാലാവധിയോ, അഞ്ചു വർഷമോ, ഏതാണോ ആദ്യം, അവസാനിക്കുന്നത് അതോടെ അവസാനിക്കുന്നതും അപ്രകാരമുള്ള അധികാരികൾ അതതു ബോർഡിന്റെ അനുമതിയില്ലാതെ അപ്രകാരമുള്ള ലൈസൻസുകൾ റദ്ദാക്കാൻ പാടില്ലാത്തതുമാകുന്നു.

(2) ബന്ധപ്പെട്ട അധികാരികൾക്ക്, ഒരു പ്രാവശ്യം ഒരു വർഷത്തിൽ അധികരിക്കാത്ത വിധം ആനുകാലികമായി വ്യവസായ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനും ഈ ആക്റ്റിന്റെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം നടത്തിയിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നതിനുമുള്ള അവകാശം ഉണ്ടായിരിക്കുന്നതും, ഏതെങ്കിലും ലംഘനം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുകയാണെങ്കിലോ സംയുക്ത ലൈസൻസ് ലഭിക്കുന്നതിനായി നൽകിയ അപേക്ഷയിലെ വിവരങ്ങൾ തെറ്റാണെന്ന് കാണുകയാണെങ്കിലോ, ബന്ധപ്പെട്ട അധികാരികൾക്ക്, സംയുക്ത ലൈസൻസ്, അപ്രകാരമുള്ള ലൈസൻസിൽ ചുമത്തപ്പെട്ട ഏതെങ്കിലും ഉപാധികൾ പാലിക്കപ്പെട്ടിട്ടില്ലാത്തതിനാലോ ആക്റ്റിന്റെയോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനത്തിനോ, റദ്ദാക്കുന്നതിന് ബോർഡിനോട് ശിപാർശ ചെയ്യാവുന്നതും, അങ്ങനെയുള്ള ശിപാർശ ലഭിച്ചാൽ, ബന്ധപ്പെട്ട ബോർഡ്, സംയുക്ത ലൈസൻസ് റദ്ദാക്കേണ്ടതും അപ്രകാരമുള്ള വ്യവസായ സ്ഥാപനത്തിന്, കാരണം കാണിക്കൽ നോട്ടീസ് നൽകിയതിനു ശേഷവും അപ്രകാരമുള്ള വ്യവസായ സ്ഥാപനം അത് നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിച്ച ശേഷവും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള പിഴ ചുമത്താവുന്നതാണ്.

(3) ഈ വകുപ്പിൻ കീഴിൽ നൽകുന്ന എല്ലാ സംയുക്ത ലൈസൻസുകളും നിർണ്ണയിക്കപ്പെട്ട ഫീസ് സഹിതം ഒരു അപേക്ഷ സമർപ്പിക്കുന്നതിന്മേൽ,

അപ്രകാരമുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ ഏഴ് ദിവസത്തിനകം ഒരു പ്രാവശ്യം അഞ്ച് വർഷ കാലയളവിലേക്ക് പുതുക്കി നൽകേണ്ടതാണ്.".

5. 2002-ലെ 19-ാം ആക്റ്റിന്റെ ഭേദഗതി.—2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റിൽ (2002-ലെ 19),—

(1) 7-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിന്, താഴെപ്പറയുന്ന ക്ലിപ്തനിബന്ധനയും വിശദീകരണവും ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സംസ്ഥാനത്തെ വിവിധ മേഖലകൾക്കായി, ഓരോ മേഖലയിലെയും ഭൂജല ലഭ്യതയുടെ അടിസ്ഥാനത്തിൽ, കാലാകാലങ്ങളിൽ, ഭൂജല അതോറിറ്റി വ്യക്തമാക്കിയിട്ടുള്ള നിരപ്പിലും താഴെ നിന്ന് ഭൂജലം എടുക്കുന്നതിന് യാതൊരു അനുവാദവും ആവശ്യമുള്ളതല്ല.

വിശദീകരണം.—എടുക്കേണ്ട ഭൂജലത്തിന്റെ അളവ് നിർണ്ണയിക്കപ്പെട്ട ഫീസ് സഹിതം നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ അപേക്ഷകൻ, സ്വയം സാക്ഷ്യപ്പെടുത്തലിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരമായിരിക്കുന്നതാണ്.

(ബി) (1)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1എ) മറ്റ് ഏതെങ്കിലും ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, മറ്റ് എല്ലാ സംഗതികളിലും ബന്ധപ്പെട്ട ജില്ലയിലെ ജില്ലാതല ഉദ്യോഗസ്ഥർ, അർഹമായിരിക്കുന്നിടത്തെല്ലാം, മുപ്പത് ദിവസക്കാലയളവിനുള്ളിൽ, അനുവാദം നൽകേണ്ടതാണ്.

എന്നാൽ, മുകളിൽ വ്യക്തമായിട്ടുള്ള സമയത്തിനകം അനുവാദം നൽകാതിരിക്കുയും പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ കാരണങ്ങൾ അറിയിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം, അനുവാദം നൽകിയതായി കരുതപ്പെടുന്നതാണ്.

എന്നുമാത്രമല്ല, അനുവാദത്തിലെ നിബന്ധനകൾ ലംഘിക്കുന്ന സംഗതിയിൽ, അഞ്ചുലക്ഷം രൂപയിൽ കവിയാതെയുള്ള ഒരു തുക പിഴയായി ചുമത്താവുന്നതാണ്.";

(2) 10-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"10എ മലിനജലത്തിന്റെ ശുദ്ധീകരിച്ചുള്ള ഉപയോഗവും പുനരുപയോഗവും.—ഭൂജലം എടുക്കുന്ന ഏതൊരാളും, വ്യാവസായിക, വാണിജ്യ ആവശ്യങ്ങൾക്കോ

ഗാർഹികാവശ്യങ്ങൾക്കോ ഉപയോഗിച്ചിട്ടുള്ള ഭൂജലം ശുദ്ധീകരിക്കുകയും ശുദ്ധീകരിച്ച് ഉപയോഗിക്കുകയും പുനരുപയോഗിക്കുകയും ചെയ്യുന്നതിനായി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, ഒരു പ്രത്യേക വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്.''.

6. <u>2013-ലെ 18-ാം ആക്റ്റിന്റെ ഭേദഗതി.</u>—2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റിൽ (2013-ലെ 18), 4-ാം വകുപ്പിൽ,—

(എ) (5)-ാം ഉപവകുപ്പിൽ,—

(i) ''ഒരു വർഷക്കാലത്തേക്ക്'' എന്ന വാക്കുകൾക്ക് പകരം ''മൂന്ന് വർഷക്കാലത്തേക്ക്'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) ''പരിശോധനയ്ക്കും'' എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ബി) (5)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(5എ) ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക്, ഓരോ വർഷവും ഒരു പരിശോധന നടത്താവുന്നതും, പരിശോധനയിൽ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളുടെയോ വ്യവസ്ഥകളുടെയോ, ലൈസൻസിന്റെ ഏതെങ്കിലും ഉപാധികളുടെയോ നിബന്ധനകളുടെയോ ലംഘനം കാണുന്നപക്ഷം, ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കാൻ അദ്ദേഹത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.''.

7. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, പിൽക്കാല പ്രാബല്യത്തോടു കൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും സർക്കാർ അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, സംസ്ഥാന നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ പ്രസ്തുത സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ്, സംസ്ഥാന നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതി പോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ

മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 2017-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ഓർഡിനൻസ് (2017-ലെ 35), 1, 2, 3, 4, 6 വകുപ്പുകൾ ഒഴികെയും, 2017-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ഓർഡിനൻസും (2017-ലെ 36), ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസുകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20), 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് (2000-ലെ 5), 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് (2002-ലെ 19), 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റ് (2013-ലെ 18) എന്നീ ആക്റ്റുകളിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രസ്തുത ആക്റ്റുകൾക്ക് കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ്, 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ്, 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ്, 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റ് എന്നീ ആക്റ്റുകൾക്ക് കീഴിൽ വിവിധ ലൈസൻസുകൾ, അനുവാദം, അംഗീകാരങ്ങൾ, ക്ലിയറൻസുകൾ മുതലായവ നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പ്രസ്തുത നിയമങ്ങൾക്ക് കീഴിൽ വിവിധ ലൈസൻസുകൾ, അനുവാദം, അംഗീകാരം, ക്ലിയറൻസുകൾ മുതലായവ നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഭേദഗതി ചെയ്യുവാനും പ്രസ്തുത ആവശ്യത്തിലേക്കായി ഒരു നിയമനിർമ്മാണം കൊണ്ടുവരുവാനും സർക്കാർ തീരുമാനിക്കുകയുണ്ടായി.

2. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2017-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ഓർഡിനൻസ് (2017-ലെ 22) 2017 ഒക്ടോബർ 20-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017 ഒക്ടോബർ 20-ാം തീയതിയിലെ 2242-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. 2017 നവംബർ 9-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുവാനോ പാസ്സാക്കുവാനോ കഴിഞ്ഞില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനു വേണ്ടി 2017-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ഓർഡിനൻസ് (2017-ലെ 35), 2017-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (രണ്ടാം നമ്പർ) ഓർഡിനൻസ് (2017-ലെ 36) എന്നീ ഓർഡിനൻസുകൾ 2017 ഡിസംബർ 20-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് യഥാക്രമം, 2017 ഡിസംബർ 20-ാം തീയതിയിലെ 2779, 2782 എന്നീ അസാധാരണ ഗസറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2017-ലെ 35-ാം നമ്പർ ഓർഡിനൻസിലെ, 5-ാം വകുപ്പിലെ വ്യവസ്ഥകൾക്കും 2017-ലെ 36-ാം നമ്പർ ഓർഡിനൻസിനും പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചു കൊടുത്ത നിയമ നിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം, (2)-ാം ഉപഖണ്ഡം, (ബി) ഇനം പ്രകാരം ചേർക്കുവാനുദ്ദേശിക്കുന്ന 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 233-ാം വകുപ്പ്, (2എ) ഉപവകുപ്പ്, അപേക്ഷ, അനുബന്ധ പ്രമാണങ്ങൾ സഹിതം ലഭിച്ചാൽ

സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷകന് കൈപ്പറ്റുരസീത് നൽകേണ്ട ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 3-ാം ഖണ്ഡം, (1)-ാം ഉപഖണ്ഡം, (സി) ഇനം പ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 447-ാം വകുപ്പ്, (2എ) ഉപവകുപ്പ്, അപേക്ഷ, അനുബന്ധരേഖകൾ സഹിതം ലഭിച്ചാൽ, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷകന് കൈപ്പറ്റുരസീത് നൽകേണ്ട ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 3-ാം ഖണ്ഡം, (1)-ാം ഉപഖണ്ഡം, (ജി) ഇനം പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന, പ്രസ്തുത ആക്റ്റിന്റെ (5എ) വകുപ്പ്, അപേക്ഷ കൂടാതെ ലൈസൻസ് പുതുക്കി നൽകുന്നതിന് നൽകേണ്ട ഫീസ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 3-ാം ഖണ്ഡം, (2)-ാം ഉപഖണ്ഡം, (ബി) ഇനം പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത ആക്റ്റിന്റെ 448-ാം വകുപ്പ്, (1എ) ഉപവകുപ്പ്, അപേക്ഷ, അനുബന്ധ രേഖകൾ സഹിതം ലഭിക്കുമ്പോൾ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷകന് കൈപ്പറ്റുരസീത് നൽകേണ്ട ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 4-ാം ഖണ്ഡം, (9)-ാം ഉപഖണ്ഡം, (ഡി) ഇനം പ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവികസനവും ആക്റ്റിന്റെ 8-ാം വകുപ്പ്, (4)-ാം ഉപവകുപ്പ്, സംസ്ഥാന ബോർഡിന് അപ്പീൽ സമർപ്പിക്കേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 4-ാം ഖണ്ഡം, (12)-ാം ഉപഖണ്ഡം, (സി) ഇനം പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന, പ്രസ്തുത ആക്റ്റിന്റെ 11എ വകുപ്പ്, (1)-ാം ഉപവകുപ്പ്, വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമായി സംയുക്ത ലൈസൻസ് നൽകുന്നതിനുള്ള ഫാറം നിർണ്ണയിക്കുന്നതിനും (2)-ാം ഉപവകുപ്പ് സംയുക്ത ലൈസൻസിലെ വ്യവസ്ഥകൾ ലംഘിക്കുന്ന വ്യവസായ സ്ഥാപനത്തിന് ചുമത്തേണ്ട പിഴ നിർണ്ണയിക്കുന്നതിനും (3)-ാം ഉപവകുപ്പ് സംയുക്ത ലൈസൻസ് പുതുക്കി നൽകുന്നതിന് നൽകേണ്ട ഫീസ് നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിലെ 5-ാം ഖണ്ഡം, (1)-ാം ഉപഖണ്ഡം, (എ) ഇനം പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റിന്റെ 7-ാം വകുപ്പ്, (1)-ാം ഉപവകുപ്പിലെ 'വിശദീകരണം', അപേക്ഷകൻ നൽകേണ്ട സ്വയം സാക്ഷ്യപ്പെടുത്തലിന്റെ ഫാറവും അതിന്റെ ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

8. ബില്ലിലെ 5-ാം ഖണ്ഡം, (2)-ാം ഉപഖണ്ഡം പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത ആക്റ്റിന്റെ 10എ വകുപ്പ്, ഉപയോഗിച്ച ഭൂജലം ശുദ്ധീകരിക്കുകയും ശുദ്ധീകരിച്ച് ഉപയോഗിക്കുകയും പുനരുപയോഗിക്കുകയും ചെയ്യുന്നതിനുള്ള ഒരു പ്രത്യേക വ്യവസ്ഥ നിർണ്ണയിക്കുന്നതിന് സർക്കാരിന് അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

9. ബില്ലിലെ 7-ാം ഖണ്ഡം, (1)-ാം ഉപഖണ്ഡം, ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനു വേണ്ടി, ഗസറ്റ് വിജ്ഞാപനം വഴി, മുൻകാലപ്രാബല്യത്തോടെയോ പിൽക്കാലപ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

10. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അത് നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവ ത്തോടുകൂടിയവയോ ആ കുന്നു. കൂടാതെ അപ്രകാരമുള്ള ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. അതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയാണ്.

എ. സി. മൊയ്തീൻ.

# 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (1994-ലെ 13)

** ** ** **

## അപായകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളും ഫാക്ടറികളും

232. ലൈസൻസുകൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന്.—(1) ഗ്രാമപഞ്ചായത്തിന്, ഇതിലേക്കുള്ള ചട്ടങ്ങളിലെ നിർദ്ദേശിച്ചിട്ടുള്ളവയും, സർക്കാരിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്തു പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്നു പരസ്യം ചെയ്യാവുന്നതാണ്:

എന്നാൽ അപ്രകാരമുള്ള യാതൊരു പരസ്യവും അതിന്റെ പ്രസിദ്ധീകരണത്തീയതി മുതൽ മുപ്പത് ദിവസം കഴിയുന്നതുവരെ പ്രാബല്യത്തിൽ വരാൻ പാടില്ലാത്തതാകുന്നു.

** ** ** **

233. ഫാക്ടറികൾ പണിയുന്നതിനും യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള അനുവാദം.—(1) യാതൊരാളും, ഗ്രാമപഞ്ചായത്തിന്റെ അനുമതി കൂടാതെയും, ആ അനുമതിയിൽ നിർദ്ദേശിച്ചിട്ടുള്ള ഉപാധികൾക്കനുസൃതമായിട്ടല്ലാതെയും,—

(എ) ആവിശക്തിയോ, ജലശക്തിയോ, മറ്റ് യാന്ത്രിക ശക്തിയോ, വൈദ്യുത ശക്തിയോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഫാക്ടറിയോ, വർക്ക്ഷോപ്പോ, പണിസ്ഥലമോ നിർമ്മിക്കുകയോ സ്ഥാപിക്കുകയോ;

(ബി) മേൽപ്പറഞ്ഞപ്രകാരമുള്ള ഏതെങ്കിലും ശക്തികൊണ്ട് ഓടുന്നതും, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ട യന്ത്രമോ, നിർമ്മാണയന്ത്രമോ അല്ലാത്തതുമായ ഏതെങ്കിലും യന്ത്രമോ നിർമ്മാണയന്ത്രമോ ഏതെങ്കിലും പരിസരങ്ങളിൽ സ്ഥാപിക്കുകയോ;

ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അനുവാദത്തിനുള്ള അപേക്ഷ നിർണ്ണയിക്കപ്പെട്ട ഫാറത്തിലും മറ്റ് വിശദാംശങ്ങളോടുകൂടിയും സെക്രട്ടറിയെ സംബോധന ചെയ്തു കൊണ്ട് ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്.

(3) സെക്രട്ടറി, അപേക്ഷ കിട്ടിയാൽ കഴിയുന്നതും വേഗം, അനുവാദത്തിനായി അപേക്ഷിച്ചിരിക്കുന്ന ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ, സ്ഥാപിക്കലോ, യന്ത്രസാമഗ്രികളുടെയോ, മാനുഫാക്ചറിംഗ് പ്ലാന്റിന്റെയോ, സ്ഥാപിക്കലോ, പരിസരത്തെ ജനസാന്ദ്രതമൂലമോ ശല്യമോ മലിനീകരണമോ ഉണ്ടാക്കാനിടയുണ്ടെന്ന കാരണത്താലോ ആക്ഷേപമുണ്ടെങ്കിൽ വിവരം ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് ചെയ്യേണ്ടതും, ഗ്രാമപഞ്ചായത്ത് അപേക്ഷയും സെക്രട്ടറിയുടെയും (4)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന മറ്റ് അധികാരികളുടെയും റിപ്പോർട്ടുകളും പരിഗണിച്ച ശേഷം കഴിയുന്നതുംവേഗം എങ്ങനെയായിരുന്നാലും അപേക്ഷ കിട്ടിയ തീയതി മുതൽ അറുപത് ദിവസത്തിനകം,—

(എ) അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കാവുന്നതും; അല്ലെങ്കിൽ

(ബി) രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ അനുവാദം നിരസിക്കാവുന്നതും, ആകുന്നു.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ അനുവാദം നൽകുന്നതിനോ നിരസിക്കുന്നതിനോ മുമ്പ് ഗ്രാമപഞ്ചായത്ത്,—

(എ) ഫാക്ടറിയോ വർക്ക്ഷോപ്പോ ജോലിസ്ഥലമോ പരിസരമോ, 1948-ലെ ഫാക്ടറീസ് ആക്റ്റി(1948-ലെ 63-ാം കേന്ദ്ര ആക്റ്റ്)-ന്റെ പരിധിയിൽ വരുന്നതാണെങ്കിൽ ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ പരിസരങ്ങളുടെയോ പ്ലാനിൽ വെന്റിലേഷൻ, വെളിച്ചം ഇവയുടെ പര്യാപ്തതയും മുറികളുടെയും കതകുകളുടെയും ഉയരവും വലിപ്പവും ആവശ്യത്തിനുണ്ടോ എന്നും തീപിടുത്തമുണ്ടായാൽ പുറത്തേക്ക് കടക്കാനുള്ള മാർഗ്ഗങ്ങളുടെ അനുയോജ്യതയും നിർണ്ണയിക്കപ്പെടാവുന്ന മറ്റ്

സംഗതികളും സംബന്ധിച്ച് 1948-ലെ ഫാക്ടറീസ് ആക്റ്റി (1948-ലെ 63-ാം കേന്ദ്ര ആക്റ്റ്)-ൻ കീഴിൽ നിയമിച്ച ഫാക്ടറീസ് ഇൻസ്പെക്ടറുടെയോ അല്ലെങ്കിൽ ആ പ്രദേശത്ത് അധികാരിതയുള്ള ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത വ്യവസായ വകുപ്പിലെ ഒരു ഉദ്യോഗസ്ഥന്റെയോ ഒരു റിപ്പോർട്ടും;

(ബി) സ്ഥാപിക്കാനുദ്ദേശിക്കുന്ന യന്ത്രസാമഗ്രികളുടെ ബന്ധപ്പെട്ട കണക്റ്റഡ്ലോഡ് ഇരുപത്തിയഞ്ചു കുതിരശക്തിയിൽ കവിയുന്നതോ അല്ലെങ്കിൽ യന്ത്രസാമഗ്രികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും സ്വഭാവം ശല്യമോ മലിനീകരണമോ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതോ ആണെങ്കിൽ ശല്യത്തിന്റെയോ മലിനീകരണത്തിന്റെയോ സാധ്യതയെ സംബന്ധിക്കുന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ ഒരു റിപ്പോർട്ടും;

** ** ** **

(5) ഈ വകുപ്പിൻ പ്രകാരമുള്ള അനുവാദം നൽകുന്നത്,—

(എ) യന്ത്രസാമഗ്രികൾ മാറ്റിവയ്ക്കുന്നത് സംബന്ധിച്ചും ഫീസ് വസൂലാക്കുന്നത് സംബന്ധിച്ചും പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ചും നിർണ്ണയിക്കപ്പെടാവുന്ന നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായിരിക്കുന്നതും;

(ബി) 235 എഫ്, 235 എച്ച് എന്നീ വകുപ്പുകളിലോ അല്ലെങ്കിൽ 235 പി, 235 ക്യു എന്നീ വകുപ്പുകളിലോ അടങ്ങിയിട്ടുള്ള സംഗതികൾ പാലിക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടതായി പരിഗണിക്കാൻ പാടില്ലാത്തതും ആകുന്നു.]

** ** ** **

233എ. ഫാക്ടറി, വർക്ക്ഷോപ്പ് മുതലായവയിൽ നിന്നുള്ള ശല്യം ഇല്ലാതാക്കൽ.—(1) ഏതെങ്കിലും ഫാക്ടറിയോ വർക്ക്ഷോപ്പോ ജോലിസ്ഥലമോ യന്ത്രങ്ങളോ ഏതെങ്കിലും ഒരു പ്രത്യേകതരം ഇന്ധനം ഉപയോഗിക്കുന്നതുകൊണ്ടോ, ശബ്ദമോ അനുചലനമോ ഉണ്ടാകുന്നതിനാലോ, വിഷവാതകം വമിക്കുകയോ അസഹ്യമായ ഗന്ധമോ പുകയോ പൊടിയോ പുറപ്പെടുവിക്കുകയോ ചെയ്യുന്ന കാരണത്താലോ, ശല്യമുണ്ടാക്കുന്നതായി ഗ്രാമപഞ്ചായത്തിന് അഭിപ്രായം ഉള്ളപക്ഷം സെക്രട്ടറിക്ക് അപ്രകാരമുള്ള ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ യന്ത്രങ്ങളുടെയോ ചുമതല വഹിക്കുന്ന ആളോട് അപ്രകാരമുള്ള ശല്യം ന്യായമായ സമയത്തിനുള്ളിൽ ഇല്ലാതാക്കാൻ നിർദ്ദേശിക്കാവുന്നതാണ്.

(2) 'ഗ്രാമപഞ്ചായത്തിന്, ആവശ്യമുള്ളപക്ഷം, ശല്യം തിട്ടപ്പെടുത്തുന്നതോ അത് ഇല്ലാതാക്കുന്നതോ സംബന്ധിച്ച് ബന്ധപ്പെട്ട ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ ചാർജ് വഹിക്കുന്ന ആളുടെ ചെലവിൽ, വിദഗ്ദ്ധോപദേശം തേടാവുന്നതാണ്.

# 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1994-ലെ 20)

** ** ** **

## വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും മറ്റ് സേവനങ്ങളും

447. <u>സ്ഥലങ്ങൾ ഏതാവശ്യങ്ങൾക്ക് ലൈസൻസ് കൂടാതെ ഉപയോഗിച്ചുകൂടെന്ന്.</u>—(1) മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു സ്ഥലവും,—

(എ) പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതുതാൽപ്പര്യങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്കായി പൊതുവേയും;

(ബി) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും,—

(i) ഓരോ കാര്യത്തിനും സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ പ്രസ്തുത നിരക്കിന് വിധേയമായി മുനിസിപ്പാലിറ്റി, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനപ്രകാരം, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള നിരക്കിലോ, ലൈസൻസ് ഫീസ് ഒടുക്കാതെയും;

(ii) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെയും,

ഉപയോഗിക്കുവാൻ പാടുള്ളതല്ല:

** ** ** **

(2) അങ്ങനെയുള്ള ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണം മുതൽ മുപ്പതു ദിവസത്തിനുള്ളിൽ ആ സ്ഥലം അങ്ങനെയുള്ള ആവശ്യത്തിന് ഉപയോഗിക്കുന്നതിനുള്ള ലൈസൻസിനുവേണ്ടി സെക്രട്ടറിയോട് അപേക്ഷിക്കേണ്ടതാണ്.

(3) ഒരു വ്യവസായശാല, ഫാക്ടറി അല്ലെങ്കിൽ പണിസ്ഥലം ആരംഭിക്കുന്നതിന്, അഥവാ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഒരു വ്യാപാരം അല്ലെങ്കിൽ സേവനം നടത്തുന്നതിന് മുനിസിപ്പാലിറ്റി പ്രദേശത്തെ ഒരു സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു അപേക്ഷയിന്മേൽ വസ്തുതകൾ പരിശോധിച്ച് ഒരു ലൈസൻസ് നൽകുന്നതിനോ പൊതുതാൽപ്പര്യാർത്ഥം ന്യായമായ കാരണത്തിന്മേൽ ലിഖിതമായ ഉത്തരവുവഴി ആയത് നിരസിക്കുന്നതിനോ ഉള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നതും, കൗൺസിലിന് ഇക്കാര്യത്തിൽ ഉചിതമായ ഒരു തീരുമാനമെടുക്കുന്നതിന് സഹായകരമായ ഒരു റിപ്പോർട്ട് വിശദമായ അന്വേഷണത്തിനും വിവരശേഖരണത്തിനും ശേഷം സെക്രട്ടറി

നൽകേണ്ടതുമാണ്. കൗൺസിലിന്റെ തീരുമാനം അപേക്ഷ ലഭിച്ച് മുപ്പത് ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതാണ്. എന്നാൽ അപേക്ഷകനിൽനിന്നോ മറ്റ് അധികാരസ്ഥാനങ്ങളിൽനിന്നോ കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടിവരുന്ന സംഗതിയിൽ അതിനുണ്ടാകുന്ന കാലതാമസം കണക്കിലെടുത്ത് മേൽപ്പറഞ്ഞ കാലാവധി അതനുസരിച്ച് ദീർഘിപ്പിച്ചതായി കരുതപ്പെടേണ്ടതാകുന്നു. ഇപ്രകാരം ഒഴിവാക്കാനാവാത്ത കാലതാമസം ഉണ്ടാകുന്ന വിവരം അപേക്ഷകനെ യഥാസമയം സെക്രട്ടറി അറിയിച്ചിരിക്കേണ്ടതാണ്.

(3എ) (3)-ാം ഉപവകുപ്പ് പ്രകാരം കൗൺസിൽ പരിഗണിക്കേണ്ടവയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം വ്യാപാരം നടത്തുന്നതിനോ സേവനം നൽകുന്നതിനോ ഉള്ള ലൈസൻസുകളിൽ കൗൺസിൽ പരിഗണിക്കേണ്ടവയും ഒഴികെ വ്യാപാരങ്ങൾക്കും സേവനങ്ങൾക്കുമായുള്ള ലൈസൻസുകൾക്കുള്ള എല്ലാ അപേക്ഷകളും അവ ലഭിച്ച് മുപ്പത് ദിവസത്തിനകം, ലൈസൻസ് നൽകുകയോ, പൊതുതാൽപ്പര്യാർത്ഥം, ന്യായമായ കാരണത്തിന്മേൽ ആയത് നിരസിക്കുകയോ ചെയ്തുകൊണ്ട് ലിഖിതമായ ഉത്തരവ് വഴി സെക്രട്ടറി തീർപ്പാക്കേണ്ടതാണ്. ലൈസൻസ് നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതിന് മുൻപ് അപേക്ഷകനിൽ നിന്നോ മറ്റ് അധികാരസ്ഥാനങ്ങളിൽനിന്നോ കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടിവരുന്ന സംഗതിയിൽ അതിലേക്ക് വേണ്ടിവരുന്ന കാലയളവിന് തുല്യമായ കാലത്തേക്ക് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചതായി കരുതപ്പെടേണ്ടതും, അപ്രകാരം ഒഴിവാക്കാനാകാത്ത കാലതാമസം ഉണ്ടാകുന്ന വിവരം അപേക്ഷകനെ സെക്രട്ടറി അറിയിക്കേണ്ടതുമാണ്.

(4) (3), (3എ) എന്നീ ഉപവകുപ്പുകളിൻകീഴിൽ നൽകിയതോ (6)-ാം ഉപവകുപ്പ് പ്രകാരം നൽകിയതായി കരുതപ്പെടുന്നതോ ആയ ഏതൊരു ലൈസൻസിന്റെയും കാലാവധി, അതിൽ ഒരു തീയതി പറയാത്തപക്ഷം അത് നൽകിയ തീയതി മുതൽ മൂന്ന് വർഷം തികയുമ്പോൾ അവസാനിക്കുന്നതാണ്.

(5) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടമോ ബൈലായോ പ്രകാരം ഏതെങ്കിലും ലൈസൻസിനോ അനുവാദത്തിനോ അല്ലെങ്കിൽ അത് പുതുക്കുന്നതിനോ ഉള്ള ഏതൊരു അപേക്ഷയും, ലൈസൻസോ അനുവാദമോ ആവശ്യമുള്ള ആദ്യത്തെ തീയതിക്കുമുൻപ് അല്ലെങ്കിൽ ലൈസൻസ് അവസാനിക്കുന്ന തീയതിക്കുമുൻപ് മുപ്പത് ദിവസത്തിൽ കുറയാതെയും തൊണ്ണൂറ് ദിവസത്തിൽ കവിയാതെയും ഉള്ള സമയത്തിനുള്ളിൽ കൊടുത്തിരിക്കേണ്ടതാണ്.

** ** ** **

448. <u>വ്യവസായശാലയോ ഫാക്ടറിയോ മറ്റ് പണിസ്ഥലമോ നിർമ്മിക്കുന്നതിനോ അതിൽ ആവിശക്തിയോ മറ്റേതെങ്കിലും ശക്തിയോ ഉപയോഗിക്കുന്നതിനോ മറ്റ് യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനോ ഉള്ള ലൈസൻസ്.</u>—(1) (എ) വ്യവസായശാലയോ ഫാക്ടറിയോ മറ്റ് പണിസ്ഥലമോ നിർമ്മിക്കുവാൻ ഒരു സ്ഥലം ഉപയോഗിക്കുവാനോ ആ സ്ഥലത്ത് വ്യവസായശാലയോ ഫാക്ടറിയോ നിർമ്മിക്കുവാനോ സ്ഥാപിക്കുവാനോ, അതിൽ ആവിശക്തിയോ ജലശക്തിയോ മറ്റ് യാന്ത്രികശക്തിയോ വിദ്യുച്ഛക്തിയോ ഉപയോഗിക്കുവാനോ; അഥവാ

(ബി) ആവിശക്തിയോ ജലശക്തിയോ മറ്റ് യാന്ത്രികശക്തിയോ വിദ്യുച്ഛക്തിയോ ഉപയോഗിച്ച് നടത്തപ്പെടുന്നതും ഈ ആക്ടിനാലോ അതിൻകീഴി ലുണ്ടാക്കിയ ചട്ടങ്ങളാലോ ഒഴിവാക്കപ്പെട്ടവയല്ലാത്തതുമായ മറ്റ് യന്ത്രസാമഗ്രിയോ നിർമ്മാണത്തിനുള്ള യന്ത്രസംവിധാനമോ പ്രസ്തുത സ്ഥലത്തിന്റെ ഏതെങ്കിലും പരിസരത്തിൽ സ്ഥാപിക്കുവാനോ,

ഉദ്ദേശിക്കുന്ന ഏതൊരാളും പ്രസ്തുത സ്ഥലം ഈ ആവശ്യത്തിലേക്ക് ഉപയോഗിക്കുവാൻ മുനിസിപ്പാലിറ്റിയുടെ ലൈസൻസിന് 447-ാം വകുപ്പ് പ്രകാരം അപേക്ഷ നൽകേണ്ടതും, അങ്ങനെ വ്യവസായശാലയോ ഫാക്ടറിയോ പണിസ്ഥലമോ നിർമ്മിക്കുകയോ യന്ത്രസാമഗ്രിയോ സംവിധാനമോ സ്ഥാപിക്കുകയോ ചെയ്യുവാൻ ആരംഭിക്കുന്നതിന് മുമ്പായി, ഉദ്ദിഷ്ട ജോലി ഏറ്റെടുത്ത് നടത്തുവാനുള്ള അനുവാദത്തിന് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

** ** ** **

(3) സെക്രട്ടറി, അപേക്ഷ കിട്ടിയാൽ കഴിയുന്നതും വേഗം, അനുവാദത്തിനായി അപേക്ഷിച്ചിട്ടുള്ള ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ സ്ഥാപിക്കലോ യന്ത്രസാമഗ്രികളുടെയോ മാനുഫാക്ചറിംഗ് പ്ലാന്റിന്റെയോ സ്ഥാപിക്കലോ പരിസരത്തെ ജനസംഖ്യയുടെ സാന്ദ്രതമൂലമോ ശല്യമോ മലിനീകരണമോ ഉണ്ടാകാനിടയുണ്ടെന്ന കാരണത്താലോ ആക്ഷേപാർഹമെങ്കിൽ ആ വിവരം കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതും കൗൺസിൽ, അപേക്ഷയും സെക്രട്ടറിയുടെയും (4)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന മറ്റ് അധികാരികളുടെയും റിപ്പോർട്ടുകളും പരിഗണിച്ചശേഷം, കഴിയുന്നതും വേഗം, എങ്ങനെ ആയിരുന്നാലും അപേക്ഷ കിട്ടിയ തീയതി മുതൽ നാൽപ്പത്തിയഞ്ച് ദിവസത്തിനകം,—

(എ) അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് വ്യവസ്ഥകൾക്ക് വിധേയമായോ അനുവദിക്കേണ്ടതും, അല്ലെങ്കിൽ

(ബി) രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ അനുവാദം നിരസിക്കേണ്ടതും,

ആകുന്നു.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ അനുവാദം നൽകുന്നതിനോ നിരസിക്കുന്നതിനോ മുമ്പ് കൗൺസിൽ,—

** ** ** **

(ബി) സ്ഥാപിക്കാനുദ്ദേശിക്കുന്ന യന്ത്രസാമഗ്രികളുടെ കണക്റ്റഡ് ലോഡ് ഇരുപത്തിയഞ്ച് കുതിരശക്തിയിൽ കവിയുന്നതോ അല്ലെങ്കിൽ യന്ത്രസാമഗ്രികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും സ്വഭാവം ശല്യമോ മലിനീകരണമോ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതോ അല്ലെങ്കിൽ പ്രസ്തുത വ്യവസായം ഏഴാം പട്ടികയിൽ പറയുന്ന ഏതെങ്കിലും ഒന്നായിരിക്കുകയോ, ആണെങ്കിൽ ശല്യമോ മലിനീകരണമോ ഉണ്ടാകാനുള്ള സാദ്ധ്യതയെ സംബന്ധിച്ച ജില്ലാ മെഡിക്കൽ ഓഫീസറുടെ ഒരു റിപ്പോർട്ടും;

** ** ** **

(5) ഏതെങ്കിലും ദിവസം ഏതെങ്കിലും ഫാക്ടറിയിലോ, വർക്ക്ഷോപ്പിലോ, ജോലിസ്ഥലത്തോ, പരിസരങ്ങളിലോ ഒൻപതിലധികം തൊഴിലാളികളെ അതിന്റെ കാര്യത്തിൽ (3)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന അനുവാദം അങ്ങനെ പ്രവൃത്തിക്ക് ഏർപ്പെടുത്തുന്നതിന് അധികാരപ്പെടുത്താത്തപക്ഷമോ പ്രസ്തുത ഉപവകുപ്പ് പ്രകാരം അങ്ങനെ പ്രവൃത്തിക്ക് ഏർപ്പെടുത്തുന്നതിന് അധികാരം നൽകുന്ന പുതിയ അനുവാദം ലഭിച്ചിട്ടില്ലാത്തപക്ഷമോ പ്രവൃത്തിക്ക് ഏർപ്പെടുത്താൻ പാടുള്ളതല്ല.

** ** ** **

449. ഫാക്ടറി, വർക്ക്ഷോപ്പ് മുതലായവയിൽ നിന്നുള്ള ശല്യം ഇല്ലാതാക്കൽ.—(1) ഏതെങ്കിലും ഫാക്ടറിയോ വർക്ക്ഷോപ്പോ ജോലിസ്ഥലമോ യന്ത്രങ്ങളോ, ഏതെങ്കിലും ഒരു പ്രത്യേകതരം ഇന്ധനം ഉപയോഗിക്കുന്നതുകൊണ്ടോ, ശബ്ദമോ അനുചലനമോ ഉണ്ടാകുന്നതിനാലോ, വിഷവാതകം വമിക്കുകയോ അസഹ്യമായ ഗന്ധമോ പുകയോ പൊടിയോ പുറപ്പെടുവിക്കുകയോ ചെയ്യുന്ന കാരണത്താലോ, ശല്യമുണ്ടാക്കുന്നതായി കൗൺസിലിന് അഭിപ്രായമുള്ളപക്ഷം, സെക്രട്ടറിക്ക്, അപ്രകാരമുള്ള ഫാക്ടറിയുടെയോ വർക്ക്ഷോപ്പിന്റെയോ യന്ത്രങ്ങളുടെയോ ചുമതല വഹിക്കുന്ന ആളോട് അപ്രകാരമുള്ള ശല്യം ന്യായമായ സമയത്തിനുള്ളിൽ ഇല്ലാതാക്കാൻ നിർദ്ദേശിക്കാവുന്നതാണ്.

(2) കൗൺസിലിന്, ആവശ്യമുള്ളപക്ഷം, ശല്യം തിട്ടപ്പെടുത്തുന്നതോ അത് ഇല്ലാതാക്കുന്നതോ സംബന്ധിച്ച് ബന്ധപ്പെട്ട ഫാക്ടറിയുടെയോ, വർക്ക്ഷോപ്പിന്റെയോ ജോലിസ്ഥലത്തിന്റെയോ ഉടമസ്ഥന്റെയോ അല്ലെങ്കിൽ അതിന്റെ ചാർജ്ജ് വഹിക്കുന്ന ആളുടെയോ ചെലവിൽ വിദഗ്ദ്ധോപദേശം തേടാവുന്നതാണ്.

** ** ** **

450. ഒഴിവാക്കൽ.—448-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അതത് സംഗതിപോലെ, താഴെപ്പറയുന്ന യന്ത്രങ്ങളോ ഉൽപ്പാദന യൂണിറ്റുകളോ വ്യവസായ യൂണിറ്റുകളോ സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ അനുവാദം ആവശ്യമുള്ളതല്ല, അതായത്:—

(എ) വീട്ടാവശ്യങ്ങൾക്കോ വ്യക്തിപരമായ ആവശ്യങ്ങൾക്കോവേണ്ടി ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള വൈദ്യുത ഉപകരണങ്ങളും വൈദ്യുതേതര ഉപകരണങ്ങളും യന്ത്രസാമഗ്രികളും;

(ബി) കാർഷികാവശ്യങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്നതും അല്ലാത്തതുമായ ഉപകരണങ്ങൾ;

** ** ** **

(ഐ) സർക്കാരോ സർക്കാർ നിയന്ത്രിത ഏജൻസിയോ, ഒരു വ്യവസായ എസ്റ്റേറ്റോ വ്യവസായ വികസന പ്രദേശമോ വ്യവസായ വികസന സ്ഥലമോ വ്യവസായ വളർച്ചാകേന്ദ്രമോ കയറ്റുമതി സംസ്കരണ മേഖലയോ അല്ലെങ്കിൽ വ്യവസായ പാർക്കോ ആയി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലത്തെ വ്യവസായ യൂണിറ്റുകൾ:

എന്നാൽ (എച്ച്) ഉം (ഐ) ഉം ഇനങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വ്യവസായ യൂണിറ്റിന്റെ ഉടമസ്ഥൻ നിർണ്ണയിച്ച പ്രകാരമുള്ള ഫീസടച്ച് യൂണിറ്റ് മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

** ** ** **

# 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(2000-ലെ 5)

## 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ്

**(2000-ലെ 5-ാം ആക്റ്റ്)**

കേരള സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതി നാവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനും വ്യവസായ നഗരപ്രദേശ വികസന അധികാര സ്ഥാനങ്ങളുടെ രൂപീകരണത്തിനും അവയുമായി ബന്ധപ്പെട്ട സംഗതികൾക്കും പ്രത്യേകം വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—സംസ്ഥാനത്ത്, വ്യവസായങ്ങളുടെ സുഗമമായ സ്ഥാപനവും അവയുടെ ദ്രുതഗതിയിലുള്ള വളർച്ചയും വികസനവും പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി പ്രത്യേക വ്യവസ്ഥ ഉണ്ടാക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാലും;

സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ വിവിധ ലൈസൻസുകളും ക്ലിയറൻസുകളും സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനുവേണ്ടി ഏകജാലക ക്ലിയറൻസ് ബോർഡുകൾ സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, വ്യവസായ നഗരപ്രദേശതലത്തിലും സ്ഥാപിക്കേണ്ടത് ആവശ്യമായിരിക്കുന്നതിനാലും;

** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം;—

(എ) "അധികാര സ്ഥാനം" എന്നാൽ സംസ്ഥാനത്ത് ഒരു വ്യവസായ സംരംഭം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ പെർമിറ്റുകളോ നൽകേണ്ടതായ ഏതെങ്കിലും സർക്കാർ വകുപ്പോ, സർക്കാർ ഏജൻസികളോ, ഗ്രാമപഞ്ചായത്തോ, മുനിസിപ്പാലിറ്റിയോ എന്നർത്ഥമാകുന്നു;

(ബി) "ഉപനിയമങ്ങൾ" എന്നാൽ ഈ ആക്റ്റ് പ്രകാരം സംസ്ഥാന ബോർഡ് ഉണ്ടാക്കിയ ഉപനിയമങ്ങൾ എന്നർത്ഥമാകുന്നു;

(സി) "ജില്ലാ ബോർഡ്" എന്നാൽ ഈ ആക്റ്റിന്റെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് എന്നർത്ഥമാകുന്നു;

(ഡി) "വ്യവസായ പ്രദേശത്തിന്റെ നിയുക്ത അധികാരസ്ഥൻ" എന്നാൽ ബന്ധപ്പെട്ട വ്യവസായ പ്രദേശത്തിന്റെ മാനേജിംഗ് ഡയറക്ടറോ അല്ലെങ്കിൽ പ്രസ്തുത വ്യവസായ പ്രദേശത്തിന്റെ വികസനവും സംരക്ഷണവും സംബന്ധിച്ച ആവശ്യങ്ങൾക്കായി സർക്കാർ നിയമിച്ച മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ എന്നർത്ഥമാകുന്നു;

** ** **

(ജെ) "വ്യവസായ സംരംഭം" എന്നാൽ നീരാവി കൊണ്ടുള്ള ഊർജ്ജമോ, ജലോർജ്ജമോ, മെക്കാനിക്കൽ ഊർജ്ജമോ, വൈദ്യുത ഊർജ്ജമോ ഉപയോഗിക്കപ്പെടുന്ന ഒരു ഫാക്ടറിയോ, വർക്ക്ഷോപ്പോ, പ്രവൃത്തി സ്ഥലമോ അഥവാ മേല്പറഞ്ഞ ഏതെങ്കിലും ഊർജ്ജത്താൽ പ്രവർത്തിപ്പിക്കപ്പെടുന്ന ഏതെങ്കിലും യന്ത്രങ്ങളോ, ഉൽപ്പാദന പ്ലാന്റുകളോ സ്ഥാപിച്ചിരിക്കുന്ന ഏതെങ്കിലും പരിസരങ്ങളോ; അഥവാ ഊർജ്ജത്തിന്റെ സഹായത്താലോ അല്ലാതെയോ പത്തോ അതിലധികമോ തൊഴിലാളികൾ ജോലിക്കു നിയോഗിക്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും വ്യവസായ സംരംഭമോ, എന്നർത്ഥമാകുന്നു;

** ** **

3. സംസ്ഥാന ബോർഡ്.—(1) സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായ വിവിധ ലൈസൻസുകളും, ക്ലിയറൻസുകളും, സർട്ടിഫിക്കറ്റുകളും വേഗത്തിൽ നൽകുന്നതിനു വേണ്ടി, സർക്കാരിന്, വിജ്ഞാപനംമൂലം സംസ്ഥാനത്ത് കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് എന്ന പേരിൽ ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതു മുദ്രയോടുംകൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതാണ്.

(3) സംസ്ഥാന ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഗവൺമെന്റ് ചീഫ് സെക്രട്ടറി;

(ബി) വ്യവസായം, ധനകാര്യം, തൊഴിൽ, തദ്ദേശസ്വയംഭരണം, റവന്യൂ, നികുതി, ജലസേചനം, ഊർജ്ജം, വനം എന്നീ വകുപ്പുകളുടെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറിമാർ;

(സി) കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ;

(ഡി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ;

(ഇ) വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ;

(എഫ്) കേരള സംസ്ഥാന വ്യവസായ ഇൻഫ്രാസ്ട്രക്ച്ചർ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ;

(ജി) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ചെയർമാൻ;

(എച്ച്) കേരള ധനകാര്യ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ;

(ഐ) ചീഫ് ടൗൺ പ്ലാനർ;

(ജെ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാൻ;

(കെ) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ;

(എൽ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ;

(എം) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ;

(എൻ) ആരോഗ്യ വകുപ്പ് ഡയറക്ടർ.

** ** **

(5) ചെയർമാൻ നിശ്ചയിക്കുന്ന സമയങ്ങളിലും സ്ഥലങ്ങളിലും സംസ്ഥാന ബോർഡ് യോഗം ചേരേണ്ടതും, അതിന്റെ കാര്യനിർവ്വഹണത്തിനായി ഉപനിയമങ്ങളിൽ പറഞ്ഞിട്ടുള്ള നടപടിക്രമം പാലിക്കേണ്ടതുമാണ്.

** ** **

4. ജില്ലാ ബോർഡുകൾ:—(1) സംസ്ഥാനത്തെ ഓരോ ജില്ലയിലും രണ്ട് ലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിവിധ സംസ്ഥാന നിയമങ്ങൾപ്രകാരം ആവശ്യമായ വിവിധതരം ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ നൽകുന്നതിനായി സർക്കാരിന്, വിജ്ഞാപനംമൂലം സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും വേണ്ടി ഒരു ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ഓരോ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡും, ഏത് ജില്ലയ്ക്ക് വേണ്ടിയാണോ അത് രൂപീകരിച്ചിട്ടുള്ളത്, ആ ജില്ലയുടെ പേരിലുള്ള ശാശ്വതമായ പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും ഉള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതാണ്.

(3) ഓരോ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ജില്ലാ കളക്ടർ;

(ബി) ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ആവശ്യമായി വരുന്ന സംഗതികളിൽ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റോ അല്ലെങ്കിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സണോ;

(ഡി) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസറോ, അല്ലെങ്കിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ബോർഡിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ;

(ഇ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ജില്ലാ ആഫീസറോ അല്ലെങ്കിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നാമനിർദ്ദേശം ചെയ്യുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ;

(എഫ്) നഗരാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസറോ മുഖ്യ ടൗൺ പ്ലാനർ നാമനിർദ്ദേശം ചെയ്യുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ;

(ജി) ജില്ലാ മെഡിക്കൽ ഓഫീസർ;

(എച്ച്) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(ഐ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടറേറ്റിലെ ജില്ലാ ഓഫീസർ;

(ജെ) ഡിവിഷണൽ ഫയർ ഫോഴ്സ് ഓഫീസർ;

(കെ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ;

(എൽ) ജില്ലാ ലേബർ ഓഫീസർ;

(എം) നഗര വികസന അതോറിറ്റിയുടെ സെക്രട്ടറി അഥവാ ജില്ലാ പഞ്ചായത്ത് സെക്രട്ടറി;

(എൻ) വില്പന നികുതിയും കാർഷികാദായ നികുതിയും ഡെപ്യൂട്ടി കമ്മീഷണർ;

(ഒ) കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത, കേരള ജല അതോറിറ്റിയിലെ ഒരു ഉദ്യോഗസ്ഥൻ.

(4) ജില്ലയിലെ കളക്ടർ ജില്ലാ ബോർഡിന്റെ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ അതിന്റെ കൺവീനറും ആയിരിക്കേണ്ടതാണ്.

(5) ജില്ലാ ബോർഡ്, അതിന്റെ ചെയർമാൻ നിശ്ചയിക്കുന്ന അങ്ങനെയുള്ള സമയത്തും സ്ഥലത്തും വച്ച് യോഗം ചേരേണ്ടതും അതിന്റെ കാര്യനിർവ്വഹണം സംബന്ധിച്ച് ഉപനിയമങ്ങളിൽ പറയുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

** ** **

5. <u>വ്യവസായ പ്രദേശ ബോർഡുകൾ.</u>—(1) സംസ്ഥാനത്തെ വിവിധ വ്യവസായ പ്രദേശങ്ങളിൽ ചെറുകിട വ്യവസായ സംരംഭങ്ങളോ വ്യവസായ സംരംഭങ്ങളോ ആരംഭിക്കുന്നതിന് വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായി വരുന്ന വിവിധതരം ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ നൽകുന്നതിനായി സർക്കാരിന് വിജ്ഞാപനംമൂലം, സംസ്ഥാനത്തെ ഓരോ വ്യവസായ പ്രദേശത്തിനും വേണ്ടി വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ് എന്ന് വിളിക്കുന്ന ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിക്കാവുന്നതാണ്.

(2) ഓരോ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡും ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയതും ഏത് ജില്ലയ്ക്ക് വേണ്ടി യാണോ അത് രൂപീകരിക്കുന്നത് ആ ജില്ലയുടെ പേരിലുള്ളതുമായ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതാണ്.

(3) ഓരോ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) വ്യവസായ വകുപ്പിന്റെ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആളോ;

(ബി) ജില്ലാ കളക്ടർ;

(സി) വ്യവസായ പ്രദേശത്തിന്റെ ഉടമസ്ഥാവകാശമുള്ളതോ നിയന്ത്രണ മുള്ളതോ ആയ ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ്;

(ഡി) ബന്ധപ്പെട്ട വ്യവസായ മേഖലയുടെ നിയുക്ത അധികാരസ്ഥാനം;

(ഇ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ആഫീസർ;

(എഫ്) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ജില്ലാ ഓഫീസർ;

(ജി) നഗരാസൂത്രണ വകുപ്പിന്റെ ജില്ലാ ഓഫീസർ;

(എച്ച്) ജില്ലാ മെഡിക്കൽ ഓഫീസർ;

(ഐ) കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ;

(ജെ) ഫാക്ടറീസ് ആന്റ് ബോയ്‌ലേഴ്സ് ഇൻസ്പെക്ടറേറ്റിന്റെ ജില്ലാ ഓഫീസർ;

(കെ) ഡിവിഷണൽ ഫയർ ഫോഴ്സ് ഓഫീസർ;

(എൽ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ;

(എം) ജില്ലാ ലേബർ ഓഫീസർ;

(എൻ) വിൽപ്പന നികുതിയും കാർഷികാദായ നികുതിയും ഡെപ്യൂട്ടി കമ്മീഷണർ;

(ഒ) കേരള ജല അതോറിറ്റിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ.

(4) സർക്കാരിന്, ജില്ലാ കളക്ടറുടെ പദവിയിൽ താഴെയല്ലാത്ത വ്യവസായ പ്രദേശ ബോർഡിലെ ഒരു അംഗത്തെ അതിന്റെ ചെയർമാനായി നിയമിക്കാവുന്നതും ആ വ്യവസായ പ്രദേശത്തിന്റെ നിയുക്ത അധികാരസ്ഥാനം വ്യവസായ പ്രദേശ ബോർഡിന്റെ കൺവീനർ ആയിരിക്കുന്നതും ആണ്.

** ** **

6. ലൈസൻസ് മുതലായവയിൽനിന്നും ഒഴിവാക്കൽ.—തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വ്യവസായ പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതോ ആയ എല്ലാ വ്യവസായ സംരംഭങ്ങളെയും മുനിസിപ്പാലിറ്റികൾ അഥവാ ഗ്രാമപഞ്ചായത്തുകൾ, നഗര ആസൂത്രണ വകുപ്പ് അഥവാ വികസന അതോറിറ്റികൾ എന്നിവയിൽനിന്നും വ്യവസായ സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വേണ്ട പെർമിറ്റുകൾ വാങ്ങുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

7. വ്യവസായ പ്രദേശ ബോർഡുകളുടെ അധികാരങ്ങളും ചുമതലകളും.—(1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും ഒരു വ്യവസായ പ്രദേശത്ത് ഒരു വ്യവസായ സംരംഭമോ ഒരു ചെറുകിട വ്യവസായ സംരംഭമോ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഓരോ ആളും, സംസ്ഥാനത്തെ വിവിധ നിയമങ്ങൾ പ്രകാരം ആവശ്യമായി വരുന്ന ക്ലിയറൻസുകൾ, ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ ലഭിക്കുന്നതിനായി ബന്ധപ്പെട്ട

നിയമപ്രകാരം നൽകേണ്ടതായ ഫീസ് എന്തെങ്കിലുമുണ്ടെങ്കിൽ അത് സഹിതം നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ആ വ്യവസായ പ്രദേശത്തെ നിയുക്ത അധികാരസ്ഥന് അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്.

(2) വ്യവസായ പ്രദേശ ബോർഡ്, ഇതിനുവേണ്ടി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചതിനുശേഷവും, അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകവും,—

(എ) അപേക്ഷിച്ചിട്ടുള്ള ലൈസൻസോ, അനുവാദമോ യാതൊരു മാറ്റമില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ, നൽകുന്നതിനായി ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശിപാർശ ചെയ്യുന്നതിനോ അഥവാ

(ബി) നിർദ്ദിഷ്ട നിർമ്മാണമോ സ്ഥാപനമോ അഥവാ യന്ത്രോപകരണങ്ങളുടെ സ്ഥാപനമോ ആക്ഷേപാർഹമാണെന്ന് അഭിപ്രായമുള്ളപക്ഷം, ക്ലിയറൻസ് നിരസിക്കുന്നതിനോ തീരുമാനമെടുക്കേണ്ടതാണ്.

(3) വ്യവസായ പ്രദേശ ബോർഡ് എടുക്കുന്ന തീരുമാനം, അതിന്റെ നിയുക്ത അധികാരസ്ഥൻ, അപേക്ഷകനെയും ബന്ധപ്പെട്ട അധികാരസ്ഥാനത്തെയും അറിയിക്കേണ്ടതുണ്ട്.

8. <u>ജില്ലാ ബോർഡിന്റെ അധികാരങ്ങളും ചുമതലകളും</u>.—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രണ്ടുലക്ഷം രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള ചെറുകിട വ്യവസായ സംരംഭം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഓരോ ആളും സംസ്ഥാനത്തെ വിവിധ നിയമങ്ങൾ പ്രകാരം ആവശ്യമായ ക്ലിയറൻസുകളോ, ലൈസൻസുകളോ, സർട്ടിഫിക്കറ്റുകളോ ലഭിക്കുന്നതിനായി ജില്ലാ ബോർഡിന്റെ കൺവീനർക്ക് നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ, ബന്ധപ്പെട്ട നിയമപ്രകാരം നൽകേണ്ടതായ ഫീസ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതും അങ്ങനെയുള്ള അപേക്ഷയിൽ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതുമാണ്.

(2) ജില്ലാ ബോർഡ്, ഇതിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചശേഷവും അപേക്ഷ ലഭിച്ച തീയതി മുതൽ അറുപതു ദിവസത്തിനകവും,—

(എ) മാറ്റങ്ങളില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ ലൈസൻസോ അപേക്ഷിച്ച പ്രകാരമുള്ള അനുവാദമോ നൽകാൻ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശിപാർശ ചെയ്യുന്നതിനോ; അല്ലെങ്കിൽ

(ബി) നിർദ്ദിഷ്ട നിർമ്മാണമോ സ്ഥാപനമോ യന്ത്രോപകരണങ്ങളുടെ സ്ഥാപനമോ ആക്ഷേപാർഹമാണെന്ന് അതിന് അഭിപ്രായമുള്ളപക്ഷം, ക്ലിയറൻസ് നൽകുന്നത് നിരസിക്കുന്നതിനോ; തീരുമാനമെടുക്കേണ്ടതാണ്.

(3) ജില്ലാ ബോർഡ് എടുക്കുന്ന തീരുമാനം ജില്ലാ ബോർഡിന്റെ കൺവീനർ അപേക്ഷകനേയും ബന്ധപ്പെട്ട അധികാരസ്ഥാനത്തേയും രേഖാമൂലം അറിയിക്കേണ്ടതാണ്.

(4) തത്സമയം പ്രാബല്യമുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും രണ്ടു ലക്ഷം രൂപയിൽ താഴെ മൂലധന നിക്ഷേപമുള്ള ചെറുകിട വ്യവസായ സംരംഭം സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ മുമ്പാകെ അപേക്ഷിക്കപ്പെട്ട ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ നിരസിക്കപ്പെടുകയോ മാറ്റങ്ങളോടുകൂടി ശിപാർശ ചെയ്യപ്പെടുകയോ ചെയ്യുകയാണെങ്കിൽ സങ്കടമനുഭവിക്കുന്ന ആളിന് അപ്രകാരമുള്ള നിരസിക്കലോ ശിപാർശയോ ബന്ധപ്പെട്ട അധികാര സ്ഥാനത്തിൽ നിന്ന് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം അത്തരം ഉത്തരവിന് എതിരായി നിർണ്ണയിക്കപ്പെട്ട പ്രകാരം ജില്ലാ ബോർഡിന് അപ്പീൽ സമർപ്പിക്കാവുന്നതും അപ്രകാരമുള്ള അപ്പീൽ അത് ബോധിപ്പിച്ച തീയതി മുതൽ 30 ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്.

9. <u>സംസ്ഥാന ബോർഡിന്റെ അധികാരങ്ങളും ചുമതലകളും.</u>—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ചെറുകിട വ്യവസായ സംരംഭം അല്ലാത്ത ഏതൊരു വ്യവസായ സംരംഭവും സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഓരോ ആളും, സംസ്ഥാനത്തെ വിവിധ നിയമങ്ങൾ പ്രകാരമുള്ള ക്ലിയറൻസുകളോ, ലൈസൻസുകളോ, സർട്ടിഫിക്കറ്റുകളോ ലഭിക്കുന്നതിനായി സംസ്ഥാന ബോർഡിന്റെ കൺവീനർക്ക് നിർണ്ണയിക്കപ്പെട്ട ഫോറത്തിൽ ബന്ധപ്പെട്ട നിയമപ്രകാരം നൽകേണ്ടതായ ഫീസ് സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്.

(2) സംസ്ഥാന ബോർഡ്, ഇതിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച ശേഷവും അപേക്ഷ ലഭിച്ച തീയതി മുതൽ നാൽപ്പത്തിയഞ്ച് ദിവസത്തിനകവും,—

(എ) മാറ്റങ്ങളില്ലാതെയോ അല്ലെങ്കിൽ അതിന് യുക്തമെന്നു തോന്നുന്ന മാറ്റങ്ങൾ വരുത്തിയോ അപേക്ഷിച്ച പ്രകാരമുള്ള ലൈസൻസോ അനുവാദമോ നൽകാൻ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് ശിപാർശ ചെയ്യുവാനോ; അല്ലെങ്കിൽ

(ബി) നിർദ്ദിഷ്ട നിർമ്മാണമോ, സ്ഥാപനമോ യന്ത്രോപകരണങ്ങളുടെ സ്ഥാപനമോ ആക്ഷേപാർഹമാണെന്ന് അഭിപ്രായമുള്ളപക്ഷം അനുമതി നിരസിക്കുവാനോ;

തീരുമാനമെടുക്കേണ്ടതാണ്.

(3) സംസ്ഥാന ബോർഡ് എടുക്കുന്ന തീരുമാനം സംസ്ഥാന ബോർഡിന്റെ കൺവീനർ അപേക്ഷകനേയും ബന്ധപ്പെട്ട അധികാരസ്ഥാനത്തേയും അറിയിക്കേണ്ടതാണ്.

10. ശിപാർശകളുടെ അടിസ്ഥാനത്തിൽ ക്ലിയറൻസുകളോ ലൈസൻസുകളോ സർട്ടിഫിക്കറ്റുകളോ നൽകുക.—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ബന്ധപ്പെട്ട അധികാരസ്ഥാനം സംസ്ഥാന ബോർഡിന്റെയോ, ജില്ലാ ബോർഡിന്റെയോ, വ്യവസായ പ്രദേശ ബോർഡിന്റെയോ ശിപാർശ ലഭിച്ച് പത്ത് പ്രവൃത്തി ദിവസങ്ങൾക്കകം അതത് സംഗതിപോലെ സംസ്ഥാന ബോർഡിന്റെയോ, ജില്ലാ ബോർഡിന്റെയോ, വ്യവസായ പ്രദേശ ബോർഡിന്റെയോ ശിപാർശകൾക്കനുസൃതമായി അപേക്ഷിച്ച പ്രകാരമുള്ള ക്ലിയറൻസുകളോ, ലൈസൻസുകളോ, സർട്ടിഫിക്കറ്റുകളോ നൽകേണ്ടതാണ്. അതതു സംഗതിപോലെ, ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ, പ്രസ്തുത സമയപരിധിക്കുള്ളിൽ നൽകിയിട്ടില്ലാത്തപക്ഷം, അതതു ബോർഡ് ശിപാർശ ചെയ്ത പ്രകാരമുള്ള അനുമതി പത്രമോ, ലൈസൻസോ, സർട്ടിഫിക്കറ്റോ അതത് സംഗതിപോലെ, പ്രസ്തുത പത്ത് പ്രവൃത്തി ദിവസങ്ങൾ അവസാനിച്ചതിനുശേഷം, നൽകപ്പെട്ടതായി കരുതപ്പെടേണ്ടതാണ്.

11. സംസ്ഥാന ബോർഡിന്റെ അപ്പലേറ്റ് അധികാരപരിധി.—(1) ജില്ലാ ബോർഡിന്റെയോ, വ്യവസായ പ്രദേശ ബോർഡിന്റെയോ, മുൻപാകെ അപേക്ഷിക്കപ്പെട്ട ക്ലിയറൻസോ, ലൈസൻസോ, സർട്ടിഫിക്കറ്റോ നിരസിക്കപ്പെടുകയോ, മാറ്റങ്ങളോടുകൂടി ശിപാർശ ചെയ്യപ്പെടുകയോ ചെയ്യുകയാണെങ്കിൽ, സങ്കടമനുഭവിക്കുന്ന ആളിന് അപ്രകാരമുള്ള നിരസിക്കലോ ശിപാർശയോ ജില്ലാ ബോർഡിൽനിന്നോ വ്യവസായ പ്രദേശ ബോർഡിൽനിന്നോ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം അത്തരം ഉത്തരവിന് എതിരായി നിർണ്ണയിക്കപ്പെട്ട പ്രകാരം സംസ്ഥാന ബോർഡിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(2) സംസ്ഥാന ബോർഡിന് ആവശ്യമെന്ന് അത് കരുതുന്നപക്ഷം, കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെടാവുന്നതും, അങ്ങനെയുള്ള വിശദാംശങ്ങൾ ഹാജരാക്കപ്പെട്ട ശേഷവും സങ്കടമനുഭവിക്കുന്ന വ്യക്തിക്കും ബന്ധപ്പെട്ട അധികാരസ്ഥാനത്തിനും പറയാനുള്ളത് പറയാൻ ഒരവസരം നൽകിയതിനുശേഷവും, അപ്രകാരമുള്ള അപ്പീൽ, അത് ബോധിപ്പിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്. പ്രസ്തുത അപ്പീലിൻമേലുള്ള സംസ്ഥാന ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

** ** **

(5) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന ബോർഡോ അതിന്റെ ഉപസമിതിയോ ഈ വകുപ്പിൻകീഴിൽ, എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ ലൈസൻസോ, ക്ലിയറൻസോ, സർട്ടിഫിക്കറ്റോ ബന്ധപ്പെട്ട നിയമത്തിൻകീഴിൽ നൽകപ്പെട്ടതായി കരുതപ്പെടുന്നതാണ്.

** ** **

# 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2002-ലെ 19)

**        **        **        **

7. <u>ഭൂജലം എടുക്കുന്നതിനും ഉപയോഗിക്കുന്നതിനും പെർമിറ്റ് നൽകൽ.</u>—(1) വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്ത് സ്വന്തമായോ സാമൂഹ്യാടിസ്ഥാനത്തിലോ ഉള്ള ഏതെങ്കിലും ആവശ്യത്തിന് ഒരു കിണർ കുഴിക്കാനോ നിലവിലുള്ള കിണറിനെ ഒരു പമ്പു ചെയ്യുന്ന കിണറായി പരിവർത്തനം ചെയ്യാനോ ആഗ്രഹിക്കുന്ന ഏതൊരാളും ആ ആവശ്യത്തിലേക്ക് പെർമിറ്റ് ലഭിക്കാനായി അതോറിറ്റിക്ക് അപേക്ഷ നൽകേണ്ടതും അതോറിറ്റി പെർമിറ്റ് നൽകാത്തിടത്തോളം പ്രസ്തുത കുഴിപ്പിക്കലോ പരിവർത്തനം ചെയ്യലോ സംബന്ധിച്ച പ്രവർത്തനവുമായി മുന്നോട്ടു പോകാൻ പാടില്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫോറത്തിലും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങിയതുമായിരിക്കേണ്ടതാണ്.

**        **        **        **

10. <u>പൊതു കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം.</u>—(1)ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പൊതു ആവശ്യത്തിനുവേണ്ടി വെള്ളം പമ്പുചെയ്യുന്ന ഏതെങ്കിലും കുടിവെള്ള സ്രോതസ്സിൽ നിന്നും മുപ്പത് മീറ്റർ ദൂരത്തിനുള്ളിൽ അതോറിറ്റിയുടെ അനുവാദം കൂടാതെ, യാതൊരാളും യാതൊരാവശ്യത്തിനും കിണർ കുഴിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നടപ്പാക്കുന്ന ഏതെങ്കിലും കുടിവെള്ള പദ്ധതിക്കുവേണ്ടി കിണർ കുഴിക്കുന്നതിന് ബാധകമായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ പറയുന്ന അനുവാദത്തിനായുള്ള ഏതൊരു അപേക്ഷയും നിർണ്ണയിക്കപ്പെട്ട ഫാറത്തിലായിരിക്കേണ്ടതും, നിശ്ചിത ഫീസ് സഹിതം അതോറിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിച്ചാൽ കിണർ കുഴിക്കുന്നത് പൊതു കുടിവെള്ള സ്രോതസ്സിനെ ദോഷകരമായി ബാധിക്കില്ലാ എന്ന് ബോദ്ധ്യമാകുന്ന പക്ഷം കുടിവെള്ളത്തിനായോ കൃഷിക്കുവേണ്ടിയോ കിണർ കുഴിക്കാൻ അനുവാദം, അതിൽ പറയുന്ന നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, നൽകാവുന്നതാണ്:

എന്നാൽ അതോറിറ്റിയുടെ തീരുമാനം അപേക്ഷ കിട്ടി തൊണ്ണൂറ് ദിവസത്തിനകം അപേക്ഷകനെ അറിയിക്കാത്തപക്ഷം അനുവാദം നൽകപ്പെട്ടതായി കണക്കാക്കുന്നതും ഇപ്രകാരം നൽകപ്പെട്ടതായി കണക്കാക്കപ്പെടുന്ന അനുവാദം ഇതു സംബന്ധിച്ച നിയമങ്ങൾക്ക് വിധേയമായിരിക്കുകയും ചെയ്യുന്നതാണ്.

**        **        **        **

# 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2013-ലെ 18)

4. <u>ലിഫ്റ്റുകളും എസ്കലേറ്ററുകളും പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ്</u> .—(1) യാതൊരു സ്ഥലഉടമസ്ഥനും ഒരു ലൈസൻസിൻകീഴിലോ അതനുസരിച്ചോ അല്ലാതെ അങ്ങനെയുള്ള സ്ഥലത്ത് എതെങ്കിലും ലിഫ്റ്റോ എസ്കലേറ്ററോ പ്രവർത്തിപ്പിക്കുകയോ പ്രവർത്തിപ്പിക്കുന്നതിന് കാരണമാവുകയോ പ്രവർത്തിപ്പിക്കുന്നതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

** ** ** **

(5) (3)-ാം ഉപവകുപ്പിനുകീഴിൽ നൽകപ്പെട്ട എല്ലാ ലൈസൻസും അത് നൽകപ്പെട്ട തീയതി മുതൽ ഒരു വർഷക്കാലത്തേക്ക് സാധുവായിരിക്കുന്നതും പരിശോധനയ്ക്കും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കിയതിനുശേഷം വർഷാവർഷം പുതുക്കേണ്ടതുമാണ്.

(6) (3)-ാം ഉപവകുപ്പ് പ്രകാരം ലൈസൻസ് നൽകുന്നത് ഇൻസ്പെക്ടർ നിരസിക്കുകയാണെങ്കിൽ അദ്ദേഹം അത്തരം നിരസിക്കലിനുള്ള കാരണങ്ങൾ രേഖാമൂലം നൽകേണ്ടതാണ്.

** ** ** **